## അദ്ധ്യായം ആറ്

# ഉപദേശത്തിന്റെ ശുശ്രൂഷ

### (The Ministry of Teaching)

ഈ അദ്ധ്യായത്തിൽ ഉപദേശം എന്ന വിഷയത്തിന്റെ വിവിധ വശങ്ങളെക്കുറിച്ചാണ് നാം ചിന്തിക്കുന്നത്. അപ്പോസ്തലന്മാർ, സുവിശേഷകന്മാർ,[26] ഇടയന്മാർ, മൂപ്പന്മാർ, കാര്യവിചാരകന്മാർ, ഉപദേഷ്ടാക്കന്മാർ (പ്രത്യേകിച്ചും) എന്നിവരുടെ ഉത്തരവാദിത്വമാണ് ഉപദേശം. ശിഷ്യന്മാരെ പരിശീലിപ്പിക്കയും കർത്താവിന്റെ കല്പന അനുസരിക്കാൻ പഠിപ്പിക്കയും ചെയ്യേത് ഒരു പരിധിവരെ ക്രിസ്തുവിന്റെ അനുയായികളുടെ ഉത്തരവാദിത്വം തന്നെയാണ്.[27]

ശിഷ്യന്മാരെ സമ്പാദിക്കുന്ന ഒരു ഇടയനോ, ശുശ്രൂഷകനോ, ഒന്നാമതായി സ്വന്തം ജീവിതത്തിലൂടെയും തുടർന്ന്, തന്റെ പ്രവർത്തയിലൂടെയും ശിഷ്യന്മാരെ അഭ്യസിപ്പിക്കണം: "സ്വന്ത ജീവിതത്തിലൂടെ വെളിപ്പെടുത്തുന്നത് പഠിപ്പിക്കണം." ശിഷ്യഗണങ്ങളെ നേടുന്നതിൽ പ്രഥമനായിരുന്ന അപ്പോസ്തലനായ പൗലോസ് എഴുതി:

> ഞാൻ ക്രിസ്തുവിനെ അനുകരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ (1 കൊരി 11:1).

ഓരോ ശുശ്രൂഷകന്റേയും ലക്ഷ്യം ഇതായിരിക്കണം. താൻ നയിക്കുന്ന വ്യക്തികളെ നോക്കി ചങ്കൂറ്റത്തോടെ പറയാൻ കഴിയണം. എന്നെപ്പോലെ പ്രവർത്തിക്കൂ, യേശുവിനെ പിൻപറ്റുന്ന ഒരുവൻ ജീവിക്കുന്നതെങ്ങനെയെന്ന് അറിയണമെങ്കിൽ എന്നെ നോക്കൂ.

ഞാൻ ശുശ്രൂഷിച്ചിരുന്ന എന്റെ സഭയിൽ എന്റെ വിശ്വാസികളോട് എന്നെ പിൻപറ്റരുത്, യേശുവിനെ പിൻപറ്റുവിൻ. എന്ന് ഞാൻ പറഞ്ഞത് ഇപ്പോഴും ഓർക്കുന്നു. അന്ന് എനിക്കിത് മനസ്സിലായിരുന്നില്ല. എന്നെ പിൻതുടരുവാൻ യോഗ്യമായ ഗുണം അന്ന് എനിക്കില്ലായിരുന്നു എന്ന് ഇപ്പോൾ ഞാൻ തുറന്നു സമ്മതിക്കുന്നു. ശരിയായ രീതിയിൽ ഞാൻ യേശുവിനെ പിൻപറ്റിയിരുന്നില്ല. ഇത് പൗലോസ് പറഞ്ഞതിൽനിന്നും എത്ര വ്യത്യസ്തമാണ്. നാം ക്രിസ്തുവിനെ അനുകരിച്ചിട്ട്, വിശ്വാസികളോടു

---

26 . ഇത് ക്രിസ്തുവിന്റെ എല്ലാ ശിഷ്യന്മാർക്കും ബാധകമാണ്, എന്നാൽ സഭാ നേതാക്കളെയാണ് മുഖ്യമായും വിരൽ ചൂന്നത്.

27 . പൊതുവിൽ സമൂഹത്തെ ഉപദേശിക്കുവാനുള്ള ഉത്തരവാദിത്വം എല്ലാ വിശ്വാസികൾക്കും ഇല്ല. എന്നാൽ ഓരോരുത്തരേയും പ്രബോധിപ്പിച്ച് ശിഷ്യന്മാരാക്കുവാൻ അവകാശമൂതാനും (മത്താ 5:19; 28: 19-20; കൊലോ 3: 16; എബ്രാ 5:12).

നമ്മെ അനുകരിക്കരുത് എന്ന് പറഞ്ഞാൽ, നാം ശുശ്രൂഷയിൽ തുടരാൻ അർഹരല്ല കാരണം വിശ്വാസികൾ ശുശ്രൂഷകന്മാരെ മാതൃകയാക്കി അനുകരിക്കുന്നവരാണ്.

## ഉദാഹരണത്തിലൂടെ - ഐക്യം പഠിപ്പിക്കുന്നത്
## (Teaching Unity by Example)

ഉപദേശം എന്ന വിഷയത്തെ ഉദാഹരണസഹിതം പഠിപ്പിക്കുന്ന ഐക്യം എന്ന വിഷയം നമുക്കെടുക്കാം. ഇടയന്മാർ, മൂപ്പന്മാർ, കാര്യവിചാരകന്മാർ, ഇവരൊക്കേയും തന്റെ ആടുകൾ ഐക്യമുള്ളവരായിരിക്കാൻ ആഗ്രഹിക്കുന്നു. സഭക്കുള്ളിലെ വിഭജനം ഇവരാരും ഇഷ്ടപ്പെടുന്നില്ല. വിഭാഗിയത ദൈവത്തിന് ഇഷ്ടമല്ലായെന്ന് ഇവർക്കെല്ലാം അറിയാം. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. യേശു കല്പിച്ചു.

നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന് പുതിയൊരു കല്പന ഞാൻ നിങ്ങൾക്കുതരുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ ന ിങ്ങളും പരസ്പരം സ്നേഹിക്കണം എന്നുതന്നെ (യോഹ 13:34-35). നമ്മുടെ പരസ്പര സ്നേഹമാണ് ലോകത്തിന്റെ മുന്നിൽ നാം യേശുവിന്റെ ശിഷ്യന്മാരാണ് എന്നുള്ളതിന്റെ അടയാളം. അതുകൊ് ഇടയന്മാർ തന്റെ ആടുകളോട് പരസ്പരം സ്നേഹിക്കാനും ഐക്യത്തിനായി പ്രവർത്തിക്കാനും മുന്നറിയിപ്പുനൽകേതാണ്.

ശുശ്രൂഷകന്മാർ അധികം ഊന്നൽനൽകി പഠിപ്പിക്കേ വിഷയമാണ് പരസ്പര സ്നേഹവും ഐക്യവും. എന്നാർ ഭൂരിഭാഗം ശുശ്രൂഷകരും ഇതിൽ വീഴ്ചവരുത്തിയതായി കാണാം. ശുശ്രൂഷകർ മറ്റു ശുശ്രൂഷകരോടു സ്നേഹവും ഐക്യവും പ്രകടിപ്പിക്കാതിരിക്കുമ്പോൾ, നാം നമ്മുടെ ശുശ്രൂഷയുടെ സന്ദേശത്തിന് എതിരായി പ്രവർത്തിക്കുകയാണ് ചെയ്യുന്നത്. നാം ചെയ്യാത്തത് സഭ ചെയ്യണമെന്ന് നാം കാംക്ഷിക്കുന്നു.

നേതാക്കൾക്ക് തമ്മിൽ ഉായിരിക്കേ ഐക്യത്തെക്കുറിച്ചാണ് യേശു നൽകിയ ഏറ്റവും ശ്രദ്ധേയമായ ഉപദേശം. ഉദാഹരണത്തിന് അ ന്ത്യത്താഴത്തിന് ശിഷ്യന്മാരുടെ കാൽ കഴുകിയതിനു ശേഷം യേശു ശിഷ്യന്മാരോടു പറഞ്ഞു:

> നിങ്ങൾ എന്നെ ഗുരുവെന്നും, കർത്താവെന്നും വിളിക്കുന്നു, ഞാൻ അങ്ങനെ ആകകൊ് നിങ്ങൾ പറയുന്നത് ശരി. കർത്താവും ഗുരുവുമായ ഞാൻ നിങ്ങളുടെ കാൽ കഴുകി എങ്കിൽ നിങ്ങളും തമ്മിൽ തമ്മിൽ കാൽ കഴുകേതാകുന്നു. ഞാൻ നിങ്ങൾക്ക് ചെയ്തതു പോലെ നിങ്ങളും ചെയ്യേതിന് ഞാൻ നിങ്ങൾക്ക് ദൃഷ്ടാ ന്തം തന്നിരിക്കുന്നു (യോഹ 13:13-15).

പ്രസ്തുത വചനഭാഗം ആടുകൾ തമ്മിലുള്ള സ്നേഹത്തെ ഉറപ്പിക്കാൻ ഇടയന്മാർ പഠിപ്പിക്കാറു്, അത് ഉചിതവുമാണ്. എന്നാൽ ഇതിലെ വാക്കുകൾ യേശു സംസാരിച്ചത് അപ്പോസ്തലന്മാരായ നേതാക്കൾക്കുവേ ിയാണ്. നേതാക്കൾ വിഭജിക്കപ്പെട്ട് മത്സരിച്ചാൽ ദൗത്യത്തെ പ ൂർത്തീകരിക്കുന്നതിൽ വിജയിക്കില്ലായെന്ന് യേശു അറിഞ്ഞിരിക്കുന്നു. നേതാക്കൾ മറ്റുള്ളവരെ ശ്രേഷ്ടന്മാരെന്നെണ്ണി താഴ്മയോടു പരസ്പരം ശുശ്രൂഷിക്കണമെന്ന് യേശു ആഗ്രഹിച്ചു.

യേശു ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ സംസ്കാരമനുസരിച്ച് തന്നത്താൻ താഴ്ത്തി ഒരു ദാസനെപ്പോലെ യേശു തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി. ചരിത്രത്തിന്റെ വ്യത്യസ്തമായ സംസ്കാരിക തലങ്ങളിലുടെ യേശു സന്ദർശിച്ചിരുന്നെങ്കിൽ, ആ സംസ്കാരവുമായി ബന്ധപ്പെട്ട് യേശു തന്റെ ശിഷ്യന്മാരുടെ കക്കൂസ് കുഴിക്കുകയോ, ഓടകൾ കഴുകുകയോ ചെയ്യുമായിരുന്നു എന്നത് വസ്തുതയാണ്. ഇന്ന് ജീവിച്ചിരിക്കുന്ന യേശുവിന്റെ ശിഷ്യന്മാരെന്ന് അഭിമാനിക്കുന്ന നേതാക്കൾ എത്രപേർ ഇന്ന് സ്നേഹത്തേയും താഴ്മയേയും പരസ്പരം പ്രകടിപ്പിക്കുവാൻ തയ്യാറാകും. തന്റെ ശിഷ്യന്മാരുടെ കാലുകൾ കഴുകി ഒരു മണിക്കൂറിനുള്ളിൽ യേശു തന്റെ ഭാവിസഭയുടെ നേതാക്കളോടു പറഞ്ഞു.

> നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നുപുതിയൊരു കല്പന ഞാൻ നിങ്ങൾക്ക് തരുന്നു. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്നുതന്നേ. നിങ്ങൾക്ക് തമ്മിൽ തമ്മിൽ സ്നേഹം ഉങ്കെിൽ നിങ്ങൾ എന്റെ ശിഷ്യന്മാർ എന്നു എല്ലാവരും അറിയും (യോഹ. 13:34-35).

ഇത് ക്രിസ്തുവിന്റെ എല്ലാ ശിഷ്യന്മാർക്കും ബാധകമാണ്; എന്നാൽ സഭാനേതാക്കളെയാണ് മുഖ്യമായും വിരൽചൂുന്നത്.

മിനിററുകൾക്ക് ശേഷം യേശു വീും പറഞ്ഞു:

> ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിക്കേണം എന്നാകുന്നു എന്റെ കല്പന; സ്നേഹിതന്മാർക്കു വേി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം ആർക്കും ഇല്ല (യോഹ 15:12-13).

നിമിഷങ്ങൾക്കുള്ളിൽ യേശു നേതാക്കളോടു പറഞ്ഞ വാക്കുകൾ വീ ും ശ്രദ്ധിക്കുക.

> നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കേതിന് ഞാൻ ഇതു നിങ്ങളോടു കല്പിക്കുന്നു (യോഹ 15:17). അല്പസമയത്തിനു ശേഷം യേശു തന്റെ ശിഷ്യന്മാർക്കുവേി പ്രാർത്ഥിക്കുന്നു. ഇനി ഞാൻ ലോകത്തിൽ ഇരിക്കുന്നില്ല; ഇവരോ ലോകത്തിൽ ഇരിക്കുന്നു. ഞാൻ നിന്റെ അടുക്കൽ വരുന്നു. പരിശുദ്ധ പിതാവേ, അവർ നമ്മെപ്പോലെ

ഒന്നാകേതിന് നീ എനിക്കുതന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാത്തു കൊള്ളേണമെ (യോഹ 17:11).

വീും അല്പസമയം കഴിഞ്ഞപ്പോൾ യേശു പ്രാർത്ഥിച്ചു. അവൻ പ്രാർത്ഥിക്കുന്നത് ശിഷ്യന്മാർ കേട്ടു.

> ഇവർക്കു വേി മാത്രമല്ല, ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിപ്പാനിരിക്കുന്നവർക്കു വേിയും ഞാൻ അപേക്ഷിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നു ലോകം വിശ്വസിപ്പാനും, അവർ എല്ലാവരും ഒന്നാകേതിനും, പിതാവേ, നീ എന്നിലും ഞാൻ നിന്നിലും ആകുന്നതുപോലെ അവരും നമ്മിൽ ആകേതിന് തന്നേ. നീ എനിക്ക് തന്നിട്ടുള്ള മഹത്വം ഞാൻ അവർക്ക് കൊടുത്തിരിക്കുന്നു. നീ എന്നെ അയച്ചിരിക്കുന്നു എന്നും നീ എന്നെ സ്നേഹിക്കുന്നതുപോലെ അവരേയും സ്നേഹിക്കുന്നു എന്നും ലോകം അറിവാൻ, നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേതിന് ഞാൻ അവരിലും നീ എന്നിലുമായി അവർ ഐക്യത്തിൽ തികഞ്ഞവരായിരിക്കേതിനു തന്നേ (യോഹ 17:20-23).

താഴ്മയോടും സ്നേഹത്തോടും പരസ്പരം ഐക്യത്തെ പ്രദർശിപ്പിക്കേതിന്റെ ആവശ്യകത യേശു തന്റെ ഭാവിശുശ്രൂഷാനേതൃത്വം വഹിക്കുന്നവരെ ഒരു മണിക്കൂറിനുള്ളിൽ ആറു പ്രാവശ്യം ഉപദേശിച്ചു. യേശുവിനെ സംബന്ധിച്ചിടത്തോളം ഈ ഐക്യം പരമപ്രധാനമാണ്. യേശുവിനെ വിശ്വസിക്കുന്നവർക്ക് ഈ ഐക്യം സുപ്രധാനമാണ് എന്ന് യേശു കരുതുന്നു.

## നാം ശ്രേഷ്ടമായി പ്രവർത്തിക്കുന്നുവോ?
## (How well Are we Doing?)

ആടുകളെല്ലാം ഒരുമയോടെ സ്നേഹത്തിൽ ഏകീകരിക്കപ്പെടാൻ ആഗ്രഹിക്കുന്നു. എന്നാൽ സഭകൾ സ്വയം നിർമ്മിച്ചുാക്കിയ നിയമാവലിക്കുള്ളിൽ നിന്നുകൊ് മറ്റുള്ളവരുടെ സഹായത്തോടെ സഭ പ ണിയാൻ ശ്രമിക്കുന്നു. നമ്മിൽ പലരും വ്യത്യസ്തമായ ഉപദേശമുള്ള ഇടയന്മാരുടെ കൂട്ടായ്മ മനപൂർവ്വം ഒഴിവാക്കുന്നു. നമ്മുടെ ഐക്യത്തിന്റെ അഭാവം നാം തന്നെ നമ്മുടെ ആരാധനാലയത്തിന്റെ മുമ്പിൽ സ്ഥാപിച്ചിരിക്കുന്ന ബോർഡുകളിലൂടെ വെളിവാക്കുന്നു. ''ഞങ്ങൾ ശേഷമുള്ള സഭാ വിഭാഗത്തിലുള്ളവരെപ്പോലെയല്ല'' (നമ്മുടെ ഐക്യത്തിന്റെ അഭാവത്തേയും, വിഭജിക്കപ്പെട്ട അവസ്ഥയെയും നാം തന്നെ ഇതിലൂടെ ലോകത്തെ പഠിപ്പിക്കുന്നു).

ചുരുക്കത്തിൽ നാം പഠിപ്പിക്കുന്നത് നാം അനുസരിക്കാൻ തയ്യാറല്ല. നമ്മുടെ ഐക്യത്തിന് വിപരീതമായ കാര്യങ്ങളാണ് നാം കൂട്ടായ്മകളിൽ പഠിപ്പിക്കുന്നത്. നേതൃസ്ഥാനത്തുള്ളവർ വ്യത്യസ്തമായി

പെരുമാറിയാൽ സഹവർത്തിത്വം വെളിപ്പെടുത്തുമെന്ന് കരുതുവാൻ സാധ്യമല്ല.

ഇതിന് ഏകപരിഹാരം അനുതാപമാണ്. വിശ്വാസികളുടെയും ലോകത്തിന്റെയും മുമ്പിൽ നാം ചെയ്ത തെറ്റുകൾ ഏറ്റുപറഞ്ഞ് അനുതപിക്കാൻ നാം തയ്യാറാകണം. നമ്മുടെ ഐക്യത്തെ തകർക്കുന്ന ആ പ്രതികൂലത്തെ അതിജീവിക്കുവാൻ നമുക്കു കഴിയണം, യേശു പഠിപ്പിച്ചതുപോലെ പരസ്പരം സ്നേഹിക്കുവാൻ നാം തുടങ്ങണം.

നാം നമ്മുടെ വലയം ഭേദിച്ച് പുറത്തുവരണം, മറ്റു ഇടയന്മാരേയും, ശുശ്രൂഷകരേയും പരിചയപ്പെടണം, വ്യത്യസ്ത ഉപദേശം പഠിപ്പിക്കുന്ന ഉപദേഷ്ടാക്കന്മാരോടുപോലും ബന്ധം സ്ഥാപിക്കണം. വീുംജനനം പ്രാപിക്കാത്ത, യേശുവിനെ അനുസരിക്കാത്ത, സ്വന്തം താല്പര്യത്തിനുവേി ശുശ്രൂഷ ചെയ്യുന്ന ശുശ്രൂഷകന്മാരോടു ബന്ധം പുലർത്തണമെന്നല്ല ഞാൻ പറയുന്നത്. അവർ ആട്ടിൻതോലിട്ട ചെന്നായ്ക്കളാണ്, അവരെ തിരിച്ചറിയേത് എങ്ങനെയെന്ന് യേശു പറഞ്ഞിട്ടു്. അവരെ അവരുടെ ഫലത്താൽ തിരിച്ചറിയാം.

യേശുവിന്റെ കല്പനകൾ പാലിക്കുന്ന ഇടയന്മാരോടും ശുശ്രൂഷകന്മാരോടുമാണ് ഞാൻ സംസാരിക്കുന്നത്, കർത്താവിൽ യഥാർത്ഥ സഹോദരീ സഹോദരന്മാരോട്. നിങ്ങൾ ഒരു ഇടയനാണെങ്കിൽ മറ്റു ഇടയന്മാരെ നിങ്ങൾ സ്നേഹിക്കാൻ കടപ്പെട്ടിരിക്കുന്നു, ആ സ്നേഹബന്ധം നിങ്ങൾ നയിക്കുന്ന അജഗണത്തിന്റെ മുമ്പിൽ പ്രകടമാക്കണം. ഇതിന് എങ്ങിനെ ഒരു സമാരംഭം കുറിക്കുവാൻ സാധിക്കും? നിങ്ങളുടെ സമീപ പ്രദേശത്തുള്ള ഇടയന്മാരെ കത്തെി അവർ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങൾക്ക് അവരെ സ്നേഹിക്കാൻ കഴിയാതെ പോയതിൽ മാപ്പു ചോദിക്കുക. തമ്മിൽ ബന്ധം സ്ഥാപിക്കാൻ കഴിയാതെ ശുശ്രൂഷകരെ വേർപെടുത്തുന്ന ചില വൻ ഭിത്തികൾ തന്മൂലം തകരും. തുടർന്ന്, കൂട്ടായ്മകൂടിയും, ഒരുമിച്ച് ഭക്ഷിച്ചും, പരസ്പരം പ്രോത്സാഹിപ്പിച്ചും താങ്ങിയും പ്രാർത്ഥിച്ചും മുന്നേറുക. തുടർമാനമായി സ്നേഹത്തോടും സൗഹൃദത്തോടും നമ്മെ പരസ്പരം വിഭജിക്കാൻ കാരണമാകുന്ന ഈ ഉപദേശപ്രമാണങ്ങളെ ചർച്ചക്ക് വിധേയമാക്കി ഐക്യത്തിനായി പൊരുതണം. എല്ലാ വിഷയങ്ങൾക്കും ഈ ചർച്ചയിലൂടെ പരിഹാരം കത്തൊൻ കഴിയണമെന്നില്ല. ഞാൻ പിൻപറ്റിയ ഉപദേശപ്രമാണങ്ങൾക്ക് വ്യത്യസ്തമായ ഉപദേശങ്ങൾ പാലിച്ചുപോന്ന ശുശ്രൂഷകരുമായി കൂട്ടായ്മ കൂടി അവരെ കേൾക്കാൻ മനസുവച്ചതിലൂടെ എന്റെ ശുശ്രൂഷയുടെ വ്യാപ്തി തികച്ചും വർദ്ധിച്ചതായി അനുഭവിച്ചറിയാൻ എനിക്ക് കഴിഞ്ഞിട്ടു്. അവരുമായി ബന്ധമില്ലാതിരുന്നതിലൂടെ എന്റെ അനുഗ്രഹങ്ങളുടെ കവാടങ്ങളെ ഞാൻ തന്നെ കൊട്ടിയടക്കുകയായിരുന്നു.

മറ്റു ശുശ്രൂഷകന്മാരെ നിങ്ങളുടെ സഭയിലേയ്ക്ക്, ഭവനാരാധനയിലേക്ക് ശുശ്രൂഷക്ക് ക്ഷണിക്കുന്നതിലൂടെ നിങ്ങളുടെ

സ്നേഹത്തേയും ഐക്യത്തേയും പ്രകടമാക്കാൻ കഴിയും. അതുപോലെ നിങ്ങളുടെ സഭയോ, ഭവനാരാധനയോ മറ്റു സഭാവിഭാഗങ്ങളുമായി ഒന്നിച്ചാരാധിച്ച് ഈ ഐക്യത്തെയും സ്നേഹത്തേയും പ്രകടിപ്പിച്ച് മാതൃകയാക്കാവുന്നതാണ്.

നിങ്ങളുടെ സഭയുടെ പേരുപോലും മാറ്റി, നിങ്ങളുടെ സഭ ക്രിസ്തുവാകുന്ന സഭയുടെ അംഗമാണെന്നും ഈ സഭക്ക് മറ്റു സഭകളുമായി അനൈക്യം ഇല്ലായെന്നും നിങ്ങൾക്ക് ലോകത്തിന് വെളിപ്പെടുത്താം. നിങ്ങളുടെ സഭയുടെ അഥവാ സംഘടനയുടെ പേരും വ്യക്തിത്വവും എടുത്തുകാണിക്കുന്ന ബോർഡുകൾ നീക്കംചെയ്ത് ക്രിസ്തുവിന്റെ സഭയുടെ ശരീരത്തിന്റെ അംഗങ്ങളാണ് നിങ്ങൾ എന്ന ഭാവം സ്വീകരിച്ച്, ക്രിസ്തുവിൽ പണിയപ്പെട്ട ഒരേ ഒരു സഭ മാത്രമേ ഉള്ളു എന്നും അനൈക്യത്തിലൂടെ ഇഴഞ്ഞു നീങ്ങുന്ന അനേകം സഭകളില്ല എന്നും ലോകത്തിനു വെളിപ്പെടുത്താൻ അപ്പോൾ നിങ്ങൾക്ക് കഴിയും.

ഇത് ദുഷ്കരമാണ്. പക്ഷെ യേശു ആഗ്രഹിക്കാത്ത ഒന്ന് നാം എന്തിന് വളർത്തുന്നു? യേശുവിന് അനിഷ്ടമായത് എന്തിന് ചെയ്യുന്നു? വചനത്തിൽ പ്രത്യേക സഭയെയോ സംഘടനയെയോ കുറിച്ച് പ്രതിപാദ്യമില്ലല്ലോ? കൊരിന്ത് സഭയിലെ വിശ്വാസികൾ അവരുടെ വ്യത്യസ്ത ഉപദേഷ്ടാക്കന്മാരുടെ പക്ഷം ചേർന്ന് ആത്മീക പാപ്പരത്വം കാണിച്ചതായി വായിക്കുന്നു (1 കൊരി 3:1–7) ഇതിൽനിന്നും ലേശം പോലും വ്യത്യസ്തമല്ല നമ്മുടെ അവസ്ഥയും.

ഒരുമയുടെ തനിമയെ തകർക്കുന്ന ഏതിനേയും ഉപേക്ഷിക്കണം. ''ഹൗസ്ചർച്ചസ്'' സ്വയം അറിയപ്പെടാൻ പേര് ഇടുന്നതും മറ്റുപേരുകളിൽ അറിയപ്പെടുന്ന സംഘടനയോടു ബന്ധപ്പെടുന്നതും ഒഴിവാക്കണം. ആദ്യകാലത്ത് സഭകൾ അറിയപ്പെട്ടിരുന്നത് അവർ കൂട്ടായ്മക്ക് ഒരുമിച്ചു കൂടിയിരുന്ന വീടുകളുടെ പേരിലാണ്. ചർച്ചിന്റെ (സഭയുടെ) കൂട്ടങ്ങൾ അത് സ്ഥിതി ചെയ്തിരുന്ന പട്ടണത്തിന്റെ പേരിൽ അറിയപ്പെട്ടിരുന്നു. ഇവരെല്ലാം അവരുടെ സഭയെ ക്രിസ്തുവാം ശരീരത്തിന്റെ ഒരു ഭാഗമായിട്ടാണ് കരുതിയിരുന്നത്.

ഒരു രാജാവ് ഒരു രാജ്യം അത്രമാത്രം. വിശ്വാസികളോ, സഭകളോ ഒരു വ്യക്തിയിലൂടെയോ, വ്യക്തിയുടെ പ്രസ്ഥാനത്തിലൂടെയോ അറിയപ്പെടുന്നു എങ്കിൽ അങ്ങനെയുള്ളവർ ദൈവരാജ്യത്തിന്റെ ഉള്ളിൽ തന്നെ തന്റെ രാജ്യം സ്ഥാപിക്കയാണ് ചെയ്യുന്നത്. അങ്ങനെയുള്ളവൻ തീർച്ചയായും എന്റെ മഹത്വം ഞാൻ ആർക്കും വിട്ടുകൊടുക്കയില്ല എന്ന് അരുളിചെയ്ത (യശ:48:11) ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കാൻ നിന്നേ മതിയാവു.

അതുകൊുശുശ്രൂഷകന്മാരെല്ലാം ക്രിസ്തുവിനെ അനുസരിച്ച് നില്കണം, കാരണം വിശ്വാസികൾ ശുശ്രൂഷകന്മാരെ മാതൃകയാക്കി പ

ിൻപറ്റുന്നവരാണ്. മാതൃകാപരമായി ജീവിച്ച് മറ്റുള്ളവരെ കാണിക്കുന്നതാണ് യഥാർത്ഥ ഉപദേശം. പൗലോസ് ഫിലിപ്യയിലുള്ള വിശ്വാസികൾക്ക് എഴുതി.

> സഹോദരന്മാരെ നിങ്ങൾ എല്ലാം എന്നെ അനുകരിപ്പിൻ; ഞങ്ങൾ നിങ്ങൾക്ക് കാണിച്ചുതന്ന മാതൃക പ്രകാരം നടക്കുന്നവരേയും കൂട്ടികൊൾവിൻ (ഫിലി 3:17).

## എന്ത് പഠിപ്പിക്കണം
## (What to Teach)

പൗലോസ് പറയുന്നതുപോലെ, ശിഷ്യന്മാരെ സമ്പാദിക്കാൻ ആഗ്രഹിക്കുന്ന ശുശ്രൂഷകന് ഒരു ലക്ഷ്യമുട്. ഈ ലക്ഷ്യം - ഓരോരുത്തരേയും ക്രിസ്തുവിൽ പൂർണ്ണതയുള്ളവരാക്കുക എന്നതാണ് (കൊലോ 1:28). അതുകൊട് ഒരു ശുശ്രൂഷകൻ പൗലോസിനെപ്പോലെ ഓരോരുത്തർക്കും മുന്നറിയിപ്പ് നൽകുകയും സർവ്വജ്ഞാനത്തിലും പ ഠിപ്പിക്കുകയും വേണം (കൊലോ 1:28). പൗലോസ് പഠിപ്പിച്ചത് ജനത്തിന് അറിവുപകരാനൊ അവരെ ആകർഷിക്കാനൊ മാത്രമല്ല എന്ന് ഓർക്കുക.

ശുദ്ധഹൃദയം, നല്ല മനസാക്ഷി, നിർവ്യാജവിശ്വാസം ഇവയിൽ നിന്നുയർന്നു വരുന്ന സ്നേഹമാണ് നമ്മുടെ ഉപദേശത്തിന്റെ പരമലക്ഷ്യം എന്ന് പൗലോസിനോട് ചേർന്നു ഓരോ ശുശ്രൂഷകനും പറയാൻ കഴിയണം (1 തിമോ 1:5). താൻ ശുശ്രൂഷിക്കുന്ന ജനത്തിന്റെ ജീവിതത്തിൽ ക്രിസ്തുവിന്റെ മാതൃകയും വിശുദ്ധിയും രൂപപ്പെടുത്താൻ ഒരു ശുശ്രൂഷകന് കഴിയണം, തന്മൂലം വിശ്വാസികളെ കർത്താവിന്റെ കല്പനകൾ അനുസരിക്കാൻ പഠിപ്പിക്കാം. - എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ - ശുദ്ധീകരണം കൂടാതെ ആരും ദൈവത്തെ കാണുകയില്ല. എബ്രാ 12:14ൽ പ്രതിപാദിച്ചിരിക്കുന്ന ഈ സത്യത്തെക്കുറിച്ച് ഒരു ശുശ്രൂഷകൻ ബോധവാനായിരിക്കണം.

കല്പനകൾ ഭാഗികമായല്ല, പൂർണ്ണമായും, അനുസരിക്കാനാണ് യേശു തന്റെ ശിഷ്യന്മാരെ ആഹ്വാനം ചെയ്തത് എന്ന് ശിഷ്യന്മാരെ നേടാൻ യത്നിക്കുന്ന എല്ലാ ശുശ്രൂഷകന്മാരും അറിഞ്ഞിരിക്കണം (മത്താ 28:19-20). യേശു കൽപിച്ച പ്രമാണങ്ങൾ ഒന്നുപോലും ചോർന്നു പോകാതെ അവർ അനുസരിക്കുന്നുണ്ടെന്ന് ബോധ്യപ്പെടുകയും ഓരോ വചനത്തിലൂടെയും അവരെ പഠിപ്പിച്ച് ഉറപ്പുവരുത്തുകയും വേണം. അതിലൂടെയാണ് യേശുവിന്റെ കല്പനകൾ കാത്തു പരിപാലിക്കപ്പെടുന്നത്.

പഠനരീതി ഒരു സംതുലിതാവസ്ഥ കൈവരിക്കണം. വിഷയാധിഷ്ഠിതമായ സന്ദേശം നൽകുമ്പോൾ, ജനത്തിന് പരിചിതമായ വിഷയങ്ങൾക്ക് കൂടുതൽ ഊന്നൽ നൽകുകയും അപരിചിതമായവ സ്പർശിക്കപ്പെടാതെയും പോയേക്കാം ഒരോ വാക്യത്തിനും പ്രധാന്യം നൽകിയുള്ള ഉപദേശരീതി, ദൈവസ്നേഹത്തെ മാത്രമല്ല, അവന്റെ

ശിഷ്യന്മാരെക്കുറിച്ചും ദൈവകോപത്തെക്കുറിച്ചും പഠിപ്പിക്കുന്നു. ഒരു വിശ്വാസിയുടെ അനുഗ്രഹത്തെക്കുറിച്ചുമാത്രമല്ല തന്റെ ഉത്തര വാദിത്വത്തെക്കുറിച്ചും പഠിപ്പിക്കണം. നിസ്സാരകാര്യങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകുകയോ, കൂടുതൽ പ്രാധാന്യം അർഹിക്കുന്നവ പൂർണ്ണമായി അവഗണിക്കപ്പെടുകയോ ചെയ്യരുത്. യേശുക്രിസ്തുവിന്റെ അഭിപ്രായത്തിൽ പരീശന്മാരുടെ ഏറ്റവും വലിയ ദോഷം ഇതുതന്നെയായിരുന്നു (മത്താ 23:23-24).

## വാക്യാധിഷ്ടിത പഠിപ്പിക്കലിന്റെ ഭയം തരണംചെയ്യൽ
## (Overcoming Fears of Expository Teaching)

വാക്യാധിഷ്ടിത പഠിപ്പിക്കലിൽ പല പാസ്റ്റർമാർക്കും ഭയമാണ്. കാരണം വചനത്തിന്റെ വസ്തുതകളിൽ പലതും അവർക്ക് അറിയാത്തതായിട്ട്. അവർക്ക് അറിയാത്തതുപലതും വചനത്തിലു്. എന്ന് കൂട്ടായ്മയിലുള്ളവർ അറിയുന്നത് അവർക്കിഷ്ടമല്ല. വചനത്തിന്റെ അ ന്തസത്ത പൂർണ്ണമായി അറിയുന്നവർ ആരുമില്ല. പൗലോസ് എഴുതിയത് പ ലതും തനിക്ക് മനസിലാകുന്നില്ലായെന്ന് പത്രോസ് തുറന്നു സമ്മതിക്കുന്നു (2 പത്രോ 3:16).

ഒരു വാക്യം അഥവാ വാക്യഭാഗം തനിക്ക് മനസിലാകുന്നില്ലായെന്ന് ഒരു ശുശ്രൂഷകൽ സഭാമദ്ധ്യേ തുറന്നു സമ്മതിക്കുകയും, അതിന്റെ അർത്ഥം പരിശുദ്ധാത്മാവ് തനിക്ക് വെളിപ്പെടുത്തിത്തരാൻ സഭ പ്രാർത്ഥിക്കയും വേണമെന്ന് അപേക്ഷിച്ചാൽ, ആ ശുശ്രൂഷകന്റെ താഴ്മ ആടുകൾക്ക് ഒരു മാതൃകയാവുകയും അത് തന്നെ ഒരു നല്ല സന്ദേശം (ടല്യൗീ) ആയിത്തിരുകയും ചെയ്യും. ഹൗസ് ചർച്ചിലെ ഒരു പാസ്റ്റർക്ക്, ഒരു മൂപ്പന്, ഒരു കാര്യവിചാരകന് താൻ നടത്തുന്ന സഭ ചെറിയ ഒരു ഗ്രൂപ്പ് ആയതിനാൽ അവരെ യഥേഷ്ടം പഠിപ്പിക്കാനും ചോദ്യങ്ങൾ ചോദിക്കാനും അവസരമു്. ഇങ്ങനെ പഠിപ്പിക്കപ്പെടുന്ന വിഷയങ്ങളിൽ കൂടുതൽ ഊന്നൽ ന ൽകുമ്പോൾ പരിശുദ്ധാത്മാവ് വചനാടിസ്ഥാനത്തിൽ ഉൾക്കാഴ്ച നൽകുകയും ചെയ്യും. തന്മൂലം ഒരോരുത്തർക്കും കൂടുതൽ നന്നായി പ ഠിപ്പിക്കാനുള്ള അവസരങ്ങൾ ലഭിക്കയൂം ചെയ്യുന്നു.

യേശുവിന്റെ കല്പനകളെ പഠിക്കാൻ ഉചിതമായ ഒരു സംരംഭമായി മത്തായി 5 മുതൽ 7 വരെയുള്ള വചനങ്ങളിൽ കാണുന്ന ഗിരിപ്രഭാഷണങ്ങൾ ഉപകാരപ്രദമാണ്. മോശയിലൂടെ നൽകപ്പെട്ട കല്പനകളെ വ്യക്തമായി മന സിലാക്കാൻ യേശുവിന്റെ ഗിരിപ്രഭാഷണത്തിലൂടെ നൽകിയ കൽപനകൾ തികച്ചും യഹൂദന്മാരായ അനുയായികൾക്ക് വളരെ പ്രയോജനപ്രദമാണ്. യേശുവിന്റെ ഗിരിപ്രഭാഷണത്തെ വാക്യം വാക്യമായി ഞാൻ പഠിപ്പിക്കാറു്.

## സന്ദേശം തയ്യാറാക്കൽ

## (Sermon Preparation)

ആധുനിക ശുശ്രൂഷകന്മാർ ചെയ്യുന്നതുപോലെ ഒരാഴ്ചത്തേക്ക് ആവശ്യമുള്ള പ്രസംഗങ്ങൾ കൃത്യമായി രൂപ രേഖകളിലൂടെ ഒരു പ ാസ്റ്റർ/മൂപ്പൻ/കാര്യവിചാരകൻ തയ്യാറാക്കി വച്ചതായി പുതിയ നിയമത്തിൽ തെളിവുകളില്ല. അങ്ങനെയൊരു പ്രസംഗം കർത്താവ് തയ്യാറാക്കിയതായി ചി ന്തിക്കുവാൻപോലും കഴിയില്ല! പ്രാചീന സഭകൾക്ക് സ്വതസിദ്ധമായ ഒരു പഠിപ്പിക്കൽ (അഭ്യസന) ശൈലിതന്നെ ഉായിരുന്നു. യവന റോമ സംസ്കാരത്തിൽ നിന്നും വന്ന ഈ രീതി യഹൂതന്മാരുടെ ഒരു ശൈലി തന്നെയായിമാറി. ഈ ശൈലിയെ സഭ പിൻതുടരുകയും ചെയ്തു. ന്യായാസനത്തിന്റെ മുമ്പിൽ നിങ്ങളെ നിർത്തുമ്പോൾ എന്തു പറയണമെന്ന് കരുതി ഭായപ്പെടേ, തക്ക സമയത്ത് പരിശുദ്ധാത്മാവ് നിങ്ങളുടെ നാവിൽ തക്ക മറുപടിനൽകി സഹായിക്കുമെന്ന് യേശു തന്റെ ശിഷ്യന്മാരെ പഠിപ്പിച്ചു. ഇതുപോലെ ശുശ്രൂഷകന്മാർ ഒന്നിച്ചുകൂടുമ്പോൾ ദൈവം ആവശ്യമായ കൃപകൾ പകരുകയില്ലേ!

പഠനത്തിലും പ്രാർത്ഥനയിലും ഒരു ശുശ്രൂഷകൻതന്നെതന്നെ ഒരുക്കേ അവശ്യമില്ല എന്നല്ല ഇതിന്റെ അർത്ഥം.

തിമോത്തിയോസിന് പൗലോസ് മുന്നറിയിപ്പ് നൽകുന്നു:

> സത്യവചനത്തെ യഥാർത്ഥമായി പ്രസംഗിച്ചുകൊ് ലജ്ജിപ്പാൻ സംഗതിയില്ലാത്ത വേലക്കാരനായി ദൈവത്തിന് കൊള്ളാവുന്നവനായി നില്പാൻ ശ്രമിക്ക (2 തിമോ 2:15).

ക്രിസ്തുവിന്റെ വചനം നിങ്ങളിൽ വസിക്കട്ടെ (കൊലോ 3:16) എന്ന പൗലോസിന്റെ ഉപദേശത്തെ പിൻതുടരുന്ന ശുശ്രൂഷകന്മാർ ദൈവ വചനത്താൽ നിറയപ്പെട്ടവരും, അവരുടെ ഉള്ളിൽ നിന്നുള്ള വചനത്തിന്റെ കവിഞ്ഞൊഴുക്കിനാൽ മറ്റുള്ളവരെ ഇത് പഠിപ്പിക്കാൻ കഴിയുന്നവരു മായിരിക്കണം. അതുകൊ് പ്രിയ കർത്തൃദാസാ - വചനമാകുന്ന (വേദ പ ുസ്തകം) ആഴിയിൽ സ്വയം മുങ്ങി മുഴുകുക - ഇങ്ങനെ, വിഷയത്തിൽ പ രിജ്ഞാനവും തീവ്രതയും ആർജ്ജിച്ചാൽ ദൈവ വചനത്തിന്റെ സത്യത്തെ വിനിമയം ചെയ്യാൻ നിങ്ങൾക്ക് വീുമൊരു തയ്യാറെടുപ്പ് ആവശ്യമില്ല. വാക്യ പ്രതിവാക്യമായിട്ടാണ് നിങ്ങൾ പഠിപ്പിക്കുന്നതെങ്കിൽ തുടർന്നുവരുന്ന ഒരോ വാക്യവും നിങ്ങളുടെ രൂപരേഖയിൽ ഒതുങ്ങും. നിങ്ങൾ പഠിപ്പിക്കാൻ ഉദ്ദേശിക്കുന്ന വചനഭാഗങ്ങൾ പ്രാർത്ഥനയോടും ധ്യാനത്തോടും കൂടെ ഒരുക്കി എടുക്കണം. ഒരു ഭവനത്തിലെ സഭയിലാണ് നിങ്ങൾ ശുശ്രൂഷിക്കുന്നതെങ്കിൽ നിങ്ങൾ പഠിപ്പിക്കുന്നതിന്റെ പ്രതികരണം കൂടുതൽ ആയിരിക്കും.

ദൈവഭയത്തോടും ദൈവ വിശ്വാസത്തോടും കൂടെയാണ് നിങ്ങൾ പഠിപ്പിക്കുന്നതെങ്കിൽ ദൈവം കൂടുതൽ കൃപതന്ന് സഹായിക്കും.

വിശ്വാസവും ആത്മവിശ്വാസവും വർദ്ധിക്കുന്നു. തുടർന്ന് ഒരു രൂപരേഖ തയ്യാറാക്കുകയും (ആവശ്യമെങ്കിൽ മാത്രം) അതനുസരിച്ച് പഠിപ്പിക്കുകയും ചെയ്യാം.

മറ്റുള്ളവരെക്കുറിച്ച് കൂടുതൽ അവബോധം കാംക്ഷിക്കുന്നവർ, മുൻ തയ്യാറാക്കിയ കുറിപ്പുകളിൽ ആശ്രയിക്കുന്നു. കാരണം പൊതുവായി പ്രസ്താവിക്കുന്ന വാക്കുകളിൽ തെറ്റാകുമെന്ന് അവർ ഭയപ്പെടുന്നു. അവരുടെ ഭയം സുരക്ഷയിലും, സ്വഭിമാനത്തിലും വേരൂന്നി നില്ക്കുന്നു എന്നു അവർ അറിഞ്ഞിരിക്കേതാണ്.

സ്വയത്തെക്കുറിച്ച് ഉത്കണ്ഠയുള്ളവർ പൊതുവേദികളിൽ പ്രസ്താവിക്കേ വാക്കുകൾ മുൻകൂട്ടി നിർണ്ണയിച്ച് രേഖപ്പെടുത്തുന്നു. പൊതുവിൽ എന്തെങ്കിലും തെറ്റുകൾ വാക്കുകളിൽ വന്നുകൂടുമോ എന്നിവർ ഭയപ്പെടുന്നു. സ്വാഭിമാനത്തിൽ വേരൂന്നി നില്ക്കുന്ന സുരക്ഷയില്ലായ്മയുടെ തായ്വേരിലാണ് ഈ ഭയാശങ്ക വളരുന്നത്. സ്വമേധയായുള്ള ഇത്തരം ഭയാശങ്കകൾ ഒഴിവാക്കി, ഇവരും ഇവരുടെ കേഴ്വിക്കാരും ദൈവത്തിന്റെ മുമ്പിൽ എങ്ങനെ കണക്കാക്കപ്പെടുമെന്ന് ഭയപ്പെട്ടിരുന്നെങ്കിൽ നന്ന്. ആത്മീക അഭിഷേകം പകരുന്ന, ഹൃദയത്തിൽ നിന്നുതിരുന്ന ഒരു പ്രസംഗത്തിന് ശ്രോതാക്കളെ സ്വാധീനിക്കാൻ കഴിയുന്നതുപോലെ, തയ്യാറാക്കപ്പെട്ട ഒരു പ്രസംഗത്തിന് ജനത്തെ സ്വാധീനിക്കാൻ കഴിയുകയില്ല. സംഭാഷണത്തിന് മുൻ തയ്യാറാക്കപ്പെട്ട വാക്കുകൾ ഉപയോഗിക്കുന്നത് എത്ര വിചിത്രമായിരിക്കും! സംഭാഷണം മരിക്കും തീർച്ച! തയ്യാറാക്കപ്പെട്ട ഒരു പ്രസംഗത്തേക്കാൾ സ്വതസിദ്ധ ശൈലിയിലുള്ള സംഭാഷണം ഏറെ സ്വാധീന ിക്കതന്നെ ചെയ്യും. ഉപദേശം നാട്യമല്ല, സത്യം പങ്കുവക്കലാണ്.

## നാല് ചിന്തകൾ കൂടി
## (Four More Thoughts)

1. ചില ശുശ്രൂഷകർ തത്തയെ പോലെയാണ്. ഇക്കൂട്ടർ പലരുടേയും ബുക്കുകളിൽനിന്ന് പ്രഭാഷണത്തിനാവശ്യമായ സാരാംശങ്ങൾ ശേഖരിക്കുന്നു. പരിശുദ്ധാത്മാവ് പഠിപ്പിക്കുന്നതിനു ചെവികൊടുക്കാതെ, അവർ പകർത്തിയ പുസ്തകത്തിലെ തെറ്റുകൾ പ്രചരിപ്പിച്ചുകൊിരിക്കുന്നു.

2. പല പാസ്റ്റർമാരും മറ്റു പ്രസംഗകരുടെ ശൈലിയും ഭാവവും അനുകരിക്കുന്നു, ഈ ശൈലി പാരമ്പര്യത്തിന്റെ ഭാഗമാണ് എന്നതാണ് വാസ്തവം. ഉദാഹരണത്തിന്, ഉറച്ച് വേഗത്തിൽ പ്രസംഗിച്ചാലെ അഭിഷേകമുള്ള പ്രസംഗമാവുകയുള്ളു എന്ന് ചില പ്രദേശങ്ങളിൽ പരക്കെ ഒരു ധാരണയു്. തന്മൂലം ശ്രോതാക്കൾ ആദ്യന്തം ഈ പ്രസംഗത്തിന് വിധേയപ്പെടുന്നു. ഒരേ സ്വരഭാവത്തിലുള്ള പ്രസംഗത്തെപ്പോലെ ഇതിനേയും വെറുക്കുന്നു. വ്യത്യസ്തമായ ശബ്ദഭാവത്തിലുള്ള പ്രസംഗം ഏവരേയും

ആകർഷിക്കുന്നു. പ്രസംഗം സാധാരണ ഗതിയിൽ ഉച്ചസ്ഥായി ശബ്ദമുള്ളതാണ്. കാരണം അത് ഉപദേശം ഉൾക്കൊള്ളുന്നതാണ്, എന്നാൽ പഠിപ്പിക്കൽ സംഭാഷണശൈലിയുള്ളവയാണ്. കാരണം അത് നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്.

3. അനേക സഭാശുശ്രൂഷകളെ ഞാൻ ശ്രദ്ധിച്ചിട്ടു. ശ്രോതാക്കൾ ശ്രദ്ധിക്കാതെ, അലസമായി മുഷിഞ്ഞ് ഇരിക്കുന്ന അവസ്ഥയെ തെല്ലും പ രിഗണിക്കാതെ ശുശ്രൂഷചെയ്യുന്ന അനേകരെ ഞാൻ കിട്ടു. പ്രസംഗം ശ്രദ്ധിക്കാതെ, നിങ്ങളെ നോക്കാതെ ഒരാൾ പ്രസംഗം കേട്ടുകൊ ിരിക്കുന്നതെങ്കിൽ അയാൾ വൃഥാ സമയം കളയുകയാണ്. പ്രസംഗം ശ്രദ്ധയോടു ശ്രവിക്കാത്ത ഒരാൾക്ക് ഒരു പ്രയോജനവും ലഭിക്കുന്നില്ല. സാധാരണ നന്നായി പ്രസംഗം ശ്രദ്ധിക്കുന്ന ഒരാൾ അശ്രദ്ധമായി, അലക്ഷ്യമായി ഇരിക്കുന്നുവെങ്കിൽ കുഴപ്പം പ്രസംഗിക്കുന്ന ആളുടേതാണ്. ന ിങ്ങൾ പ്രസംഗത്തിൽ വളർച്ച പ്രാപിക്കണം എന്നതിന്റെ സൂചനയായി അതിനെ കാണാം. കൂടുതൽ ഉദാഹരണങ്ങൾ പറഞ്ഞ്, അനുയോജ്യമായ കഥകൾ പറഞ്ഞ് പ്രസംഗത്തെ ജീവനുള്ളതാക്കുക. ലളിതമായ ഉപമകൾ പ റയുക. ദൈവവചനം നിങ്ങളുടെ ഹൃദയത്തിൽ നിന്ന് പഠിപ്പിക്കുക. നിഷ്കളങ്കരായിരിക്കുക. നിങ്ങൾ ആരെയും അനുകരിക്കാതെ നിങ്ങൾ തന്നെ ആയിരിക്കുക. ശബ്ദ വ്യത്യാസം പരിശീലിക്കുക നിങ്ങളുടെ നോട്ടം സദസിലെ പരമാവധി ആളുകളിലേക്ക് വ്യാപിപ്പിക്കുക. വ്യത്യസ്തമായ മുഖഭാവങ്ങൾ കാണിക്കുക, കൈകൾ ചലിപ്പിക്കുക. വേദിയിൽ നടക്കുക, ദൈർഘ്യമേറിയ സംഭാഷണം വേ, ഒരു ചെറിയകൂട്ടത്തോടാണ് പ്രസംഗിക്കുന്നതെങ്കിൽ ചോദ്യോത്തരങ്ങൾ ആകാം.

4. ഒരു പ്രസംഗത്തിന് 3 പോയിന്റുകൾ ഉായിരിക്കണമെന്നത് മാനുഷിക കുപിടുത്തമാണ്. ശിഷ്യന്മാരെ വാർത്തുാക്കുക എന്നതാണ് ലക്ഷ്യം. ''എന്റെ ആടുകളെ പോറ്റുക, ആടുകളെ സുഖിപ്പിക്കുകയല്ല'' യേശു പറഞ്ഞു.

## ആരെ പഠിപ്പിക്കും
## (Whom to Teach)

യേശുവിന്റെ മാതൃകയെ പിൻപറ്റുന്ന ഒരു ശുശ്രൂഷകൻ, താൻ ആരെ പഠിപ്പിക്കുന്നു എന്ന് ബോധമുള്ളവൻ ആയിരിക്കണം. യേശു പലപ്പോഴും തന്റെ ശിഷ്യന്മാരോടു ഉപമകളിലൂടെ സംസാരിച്ചു. അങ്ങനെ ചെയ്യുന്നതിൽ ഒരു കാരണമുായിരുന്നു. യേശു പറയുന്നതെല്ലാം എല്ലാവരും മനസിലാക്കണമെന്ന് യേശു കരിതിയിരുന്നില്ല. വചനത്തിൻ നിന്ന് ഇത് വ്യക്തമാകുന്നു.

> പിന്നെ ശിഷ്യന്മാർ അടുക്കെ വന്നു; അവരോടു ഉപമകളായി സംസാരിക്കുന്നത് എന്ത് എന്ന് അവനോടു ചോദിച്ചു. അവൻ അവരോടു ഉത്തരം പറഞ്ഞത്: സ്വർഗ്ഗ രാജ്യത്തിന്റെ മർമ്മങ്ങളെ

അറിവാൻ നിങ്ങൾക്ക് വരം ലഭിച്ചിരിക്കുന്നു; അവർക്കോ ലഭിച്ചിട്ടില്ല. ഉള്ളവന് കൊടുക്കും; അവന് സമൃദ്ധിയുാകും; ഇല്ലാത്തവനോടോ അവനുള്ളതും കൂടെ എടുത്തുകളയും, അതുകൊ് അവർ ക ിട്ടുകാണാതെയും കേട്ടിട്ട് കേൾക്കാതെയും ഗ്രഹിക്കാതെയും ഇരിക്കുകയാൽ ഞാൻ ഉപമകളായി അവരോടു സംസാരിക്കുന്നു (മത്താ 13:10-13).

അനുതപിച്ച് യേശുവിനെ പിൻപറ്റുവാൻ ആഗ്രഹിച്ചവർക്കു മാത്രമെ യേശുവിന്റെ ഉപമകൾ മനസിലാക്കാനുള്ള അവകാശം ലഭിച്ചിരുന്നുള്ളു. ദൈവത്തിന്റെ ഇഷ്ടത്തെ മറുതലിച്ച്, അനുതപിക്കാനുള്ള അവസരത്തെ നഷ്ടപ്പെടുത്തി ദൈവത്തോടു എതിർത്തുനിന്നവരോടു ദൈവവും എതിർത്തുനിന്നു.

ദൈവം നിഗളികളോടു എതിർത്തു നില്ക്കുന്നു, താഴ്മയുള്ളവർക്കോ കൃപ നൽകുന്നു. (1 പത്രോ. 5:5).

യേശു ശിഷ്യന്മാരെ ഉപദേശിച്ചു.

വിശുദ്ധമായത് നായ്ക്കൾക്ക് കൊടുക്കരുത്; നിങ്ങളുടെ മുത്തുകളെ പന്നിയുടെ മുമ്പിൽ ഇടുകയുമരുത്; അവ കാൽകൊ് അവയെ ചവിട്ടുകയും തിരിഞ്ഞു നിങ്ങളെ ചീന്തിക്കളയുകയും ചെയ്‌വാൻ ഇടവരരുത് (മത്താ 7:6).

യേശു ആലങ്കാരിക ഭാഷയിലാണ് സംസാരിച്ചത്. യേശു അർത്ഥമാക്കിയത്: “മൂല്യത്തെ മനസിലാക്കാൻ കഴിയാത്തവർക്ക് മൂല്യമുള്ളത് നൽകരുത്. മുത്ത് വിലപ്പെട്ടതെന്ന് പന്നിക്ക് അറിയില്ല. അതുപോലെ ആത്മീകരെന്ന് കരുതപ്പെടുന്ന ചില പന്നികൾക്ക് ദൈവത്തിന്റെ വചനത്തിന്റെ മൂല്യം അറിയുകയില്ല. അവർ കേൾക്കുന്നത് ദൈവവചനമാണെന്ന് അവർക്ക് ഗ്രഹിക്കാൻ കഴിഞ്ഞിരുന്നെങ്കിൽ അവർ ദൈവവചനത്തിന് അർഹമായ പ്രാധാന്യം നൽകുമായിരുന്നു.”

ഒരുവൻ അത്മീക തലത്തിൽ ഒരു പന്നിയാണെന്ന് എങ്ങിനെ മനസ്സിലാക്കും? ഒരു മുത്ത് അവന്റെ വഴിയിൽ എറിഞ്ഞു കൊടുക്കുക. ആ മുത്ത് കൊ് അവൻ എന്തു ചെയ്യുന്നു എന്ന് നിരീക്ഷിക്കുക. അവൻ അതിനു വേ പരിഗണന നൽകാതെ അതിനെ അവഗണിക്കുന്നെങ്കിൽ അവൻ ഒരു പന്നിയാണ് എന്ന് മനസിലാക്കാം. അവൻ അതിനെ അനുസരിക്കുന്നെങ്കിൽ അവൻ ഒരു ആത്മീകനായ പന്നിയല്ല.

നിർഭാഗ്യമെന്നു പറയട്ടെ, ശുശ്രൂഷകരിൽ ഭൂരിഭാഗവും, യേശു ചെയ്യരുതെന്ന് പറഞ്ഞത് ചെയ്യുന്നവരാണ്, കാരണം നിരന്തരമായി വചനമായ മുത്തുകൾ പന്നികളുടെ മുമ്പിലേക്ക് എറിഞ്ഞു കൊടുക്കുകയും, ദൈവ വചനത്തെ നിരസിക്കുന്നവർക്ക് വീും വചനത്തെ നൽകുകയും ചെയ്യുന്നു.

തന്മൂലം ശുശ്രൂഷകന്മാർ തങ്ങളുടെ വിലപ്പെട്ട സമയത്തെ പാഴാക്കുകയാണ്. യേശു പറഞ്ഞതുപോലെ കാലിലെ പൊടിതട്ടിക്കളഞ്ഞ് മുന്നോട്ടു നീങ്ങുവാൻ സമയം അതിക്രമിച്ചു.

## ചെമ്മരിയാടുകളും, കോലാടുകളും, പന്നികളും
## (The Sheep, Goats, Pigs)

യേശുവിനെ അനുസരിക്കാത്ത, ശിഷ്യനാകാൻ താല്പര്യമില്ലാത്ത ഒരുവനെ നിങ്ങൾക്ക് യേശുവിനായി നേടാൻ കഴിയുകയില്ല. പല സഭകളും സംസ്കാരസമ്പന്നരായ ക്രിസ്ത്യാനികളെ കൊ് നിറഞ്ഞിരിക്കുന്നു. വേദ ശാസ്ത്രത്തിന്റെ ജ്ഞാനത്താൽ വീും ജനിച്ചവർ. അവർ പന്നികളും, കോലാടുകളുമാണ്. ചെമ്മരിയാടല്ല. എന്നാൽ പാസ്റ്റർമാർ അവരുടെ 90% സമയവും ഇവരെ സന്തുഷ്ടരാക്കാൻ ചിലവാക്കുന്നു. എന്നാൽ യഥാർത്ഥത്തിലുള്ള ആത്മീകവളർച്ച അർഹിക്കുന്ന ആടുകളെ അവഗണിക്കുന്നു. യേശു ആഗ്രഹിക്കുന്നത് അവന്റെ ആടുകളെ മേയിക്കുവാനാണ്, പന്നികളെയും കോലാടുകളേയും മേയിക്കുവാനല്ല (യോഹ 21:17).

എന്നാൽ യഥാർത്ഥ ആടുകളെ എങ്ങനെ തിരിച്ചറിയും? അവർ ആലയത്തിൽ ആദ്യം വരികയും വൈകിപോകുകയും ചെയ്യും. അവർ സത്യത്തിനായി വാഞ്ചിക്കും; കർത്താവായ ക്രിസ്തുവിനെ അവർ മഹത്വീകരിക്കും, ഞായറാഴ്ച ദിവസം മാത്രമല്ല, കൂട്ടായ്മ ഉള്ളപ്പോഴൊക്കേയും അവർ ആലയത്തിൽ വന്നുചേരും. ചെറിയ കൂട്ടത്തിൽ പങ്കാളികളായി, പലപ്പോഴും ചോദ്യങ്ങൾ ചോദിക്കും, ദൈവത്തിന് ശുശ്രൂഷ ചെയ്യുവാൻ തക്കംപാർക്കുന്നവരാണ് ഇക്കൂട്ടർ.

പാസ്റ്റർ! ഇക്കൂട്ടർക്കായി സമയത്തിന്റെ സിംഹഭാഗവും ചിലവഴിച്ച് അവരെ ശ്രദ്ധിക്കുക. അവരാണ് ശിഷ്യന്മാർ. ഈ പന്നികൾക്കും കോലാടുകൾക്കും വേി സുവിശേഷം പ്രസംഗിച്ച് അവരെ നിലനിർത്താൻ ശ്രമിക്കേ. സത്യസുവിശേഷം പ്രസംഗിച്ചാൽ അവർക്ക് അത് ഉൾക്കൊള്ളാനോ അതിൽ നിലനില്ക്കാനോ കഴിയുകയില്ല. ഒന്നുകിൽ അവർ നിങ്ങളെ വിട്ടുപോകും, അല്ലെങ്കിൽ അവരുടെ അധികാരം ഉപയോഗിച്ച് നിങ്ങളെ ഓടിക്കും. അവർ വിജയിച്ചാൽ, നിങ്ങൾ കാലിലെ പൊടി തട്ടിക്കളഞ്ഞ് അവിടം വിട്ടുപോകുക. (ഒരു ഭവനാന്തരീക്ഷത്തിൽ പ്രവർത്തിക്കുന്ന സഭയിൽ ഇതു സാദ്ധ്യമല്ല. പ്രത്യേകിച്ചും സഭ നിങ്ങളുടെ ഭവനത്തിൽ പ്രവർത്തിക്കുക യാണെങ്കിൽ).

ഇതുപോലെത്തന്നെ നിരന്തരമായി നിരസിക്കുന്നവരോടു സുവിശേഷം തുടർച്ചയായി പറയരുത്. മരിച്ചവർ അവന്റെ മരിച്ചവനെ കുഴിച്ചിടട്ടെ (ലൂക്കോ 9:60). നിങ്ങൾ കർത്താവിന്റെ സ്ഥാനാപതികളാണ്, രാജാക്കന്മാരിൽനിന്നും രാജാക്കന്മാരിലേക്ക് മഹത്തായ സന്ദേശത്തെ വഹിക്കുന്നവർ! ദൈവ രാജ്യത്തിൽ നിങ്ങൾക്ക് ഉന്നത പദവിയും വലിയ

ഉത്തരവാദിത്വവുമു്. ഒരിക്കൽ മാത്രം കേൾക്കേ സുവിശേഷം പലപ്പോഴും പറഞ്ഞ് നിങ്ങളുടെ വിലപ്പെട്ട സമയം നഷ്ടപ്പെടുത്തരുത്.

ശിഷ്യന്മാരെ വാർത്തെടുക്കുക എന്ന കർത്തവ്യത്തിൽ ആയിരിക്കുന്ന നിങ്ങൾ, യേശുവിനെ അനുസരിക്കുന്ന നിങ്ങൾ, യേശുവിനെ അനുസരിക്കാത്ത ഒരു വ്യക്തിയോടു സംസാരിച്ച് സമയം പാഴാക്കരുത്. പൗലോസ് തിമോത്തിയോസിന് ഇങ്ങനെ എഴുതി.

> നീ പല സാക്ഷികളുടെ മുമ്പാകെ എന്നോടു കേട്ടതെല്ലാം മറ്റുള്ളവരെ ഉപദേശിപ്പാൻ സമർത്ഥരായ വിശ്വസ്തമനുഷ്യരെ ഭരമേൽപ്പിക്കുക (2 തിമോ 2:2).

## ലക്ഷ്യപ്രാപ്തി
## (Reaching the Goal)

യേശുവിന്റെ ശുശ്രൂഷയിൽനിന്നും തികച്ചും വ്യത്യസ്തമായതാണ് ആധുനിക സഭാ ശുശ്രൂഷകളിൽ നടക്കുന്നത്. ഉയർത്തെഴുന്നേറ്റ യേശു ഭൂമിയിൽ പാർത്ത് ആധുനിക സഭ പോലെ ഒന്ന് ആരംഭിച്ച് അതിൽ 30 വർഷം ശുശ്രൂഷകനായിരുന്നു എന്നു സങ്കല്പിക്കുക. ഓരോ ആഴ്ചയിലും കൂട്ടായ്മയിൽ യേശു പ്രസംഗിച്ചു എന്നു സങ്കല്പിക്കുക. 20 വർഷം പത്രോസ്, യാക്കോബ്, യോഹന്നാൻ, ഇവർ മൂവരും കർത്താവിന്റെ പ്രസംഗം ശ്രവിച്ച് മുൻനിരയിൽ തന്നെ കഴിഞ്ഞ 20 വർഷം കൊ് ഇരിക്കയായിരുന്നു എന്ന് വിചാരിക്കുക. പത്രോസ് യോഹന്നാന്റെ ചെവിയിൽ മന്ത്രിക്കുന്നു: ‘‘ഈ പ്രസംഗം പത്താം പ്രാവശ്യമാണ് നാം കേൾക്കുന്നത്.’’

യേശുവോ, തന്റെ അപ്പോസ്തലന്മാരോ ഇങ്ങനെ ഒരവസ്ഥയിൽ ആയിരിക്കുന്നത് ചിന്തിക്കാൻ പോലും കഴിയുന്നില്ല. നിശ്ചിത സമയ പരിധിക്കുള്ളിൽ യേശു തന്റെ ശിഷ്യന്മാരെ നേടി. ഏകദേശം 3 വർഷം കൊ്, പത്രോസ്, യാക്കോബ്, യോഹന്നാൻ തുടങ്ങിയവരെ യേശു ശിഷ്യന്മാരാക്കി. ഓരോ വിശുദ്ധ ആരാധനയിലെ പ്രസംഗത്തിലൂടെയല്ല യേശു ഇവരെ നേടിയത്. സ്വന്തം ജീവിതത്തിലൂടെ, അവരുടെ ചോദ്യങ്ങൾക്ക് മറുപടി നൽകിയും, അവർക്ക് അവസരങ്ങൾ നൽകിയുമാണ് യേശു അവരെ നേടിയത്. യേശു തന്റെ ജോലി തികച്ചു.

യേശു ചെയ്തിട്ടില്ലാത്തത് നാം എന്തിനാണ് ചെയ്യുന്നത്? ദശാബ്ദങ്ങളോളം ഒരേ വിഭാഗത്തെ പ്രബോധിപ്പിച്ചിട്ടെന്ത് കാര്യം? എന്തുകൊ് നമ്മുടെ ശിഷ്യന്മാർ നാളുകൾക്ക് ശേഷം അവരുടെ ശിഷ്യന്മാരെ ഉാക്കുന്നില്ല?

നാം നമ്മുടെ പ്രവൃത്തി ശരിയായി ചെയ്താൽ നമ്മുടെ ശിഷ്യന്മാർ പക്വതയെത്തും. നമ്മുടെ ശുശ്രൂഷ കൂടാതെ തന്നെ അവർ സ്വയം പര്യാപ്തത നേടിക്കൊള്ളും. അവർ അവരുടെ ശിഷ്യന്മാരെ നേടിക്കൊള്ളും. ദൈവം നമ്മെക്കുറിച്ച് ആഗ്രഹിച്ച ലക്ഷ്യം നേടുക, അത് എങ്ങിനെ

നിവൃത്തിക്കണമെന്ന് യേശു പഠിപ്പിച്ചിരിക്കുന്നു. ഒരു ഹൗസ് ചർച്ച് നേതാക്കളേയും ശിഷ്യന്മാരേയും വാർത്തെടുക്കുന്നു. അവിടെ ഈ ശിഷ്യന്മാരും നേതാക്കന്മാരും പ്രസംഗിക്കുന്നു. അതുകൊ് ഒരിക്കലും ഒരേ പ്രസംഗകന്റെ ഒരേ പ്രസംഗം കേൾക്കേിവരികയില്ല.

## ശരിയായ ലക്ഷ്യം
## (Right Motives)

നല്ല ലക്ഷ്യം - അതാണ് യേശുവിനു വേി ശിഷ്യന്മാരെ നേടുന്നവർക്കുായിരിക്കേ പ്രാഥമിക ഗുണം. ലക്ഷ്യം തെറ്റിയ ശുശ്രൂഷകൻ തെറ്റുകളെ ചെയ്യുകയുള്ളു. ഇന്ന് സഭയിൽ കാണുന്ന തെറ്റായ, സംതുലനമല്ലാത്ത പഠിപ്പിക്കലിനു കാരണം ഇതുതന്നെയാണ്. പ്രശസ്തി ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു ശുശ്രൂഷകൻ, സമ്പന്നനും, പ്രസിദ്ധനുമായേക്കാം, പക്ഷെ ദൈവത്തിന്റെ ദൃഷ്ടിയിൽ അവൻ പ രാജിതനാണ്. സമ്പന്നനും, ജനസമ്മതനുമായ ഈ ശുശ്രൂഷകൻ ന്യായവിധിയുടെ മുമ്പിൽ നില്ക്കേ ഒരു ദിവസം വരും. അന്ന് തന്റെ തെറ്റുകൾ വെളിപ്പെടുകയും തന്റെ അദ്ധ്വാനം വിഫലമായിരുന്നെന്ന് ബോധ്യപ്പെടുകയും ചെയ്യും.[28] അവൻ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കപ്പെട്ടാൽ, അവിടെയുള്ള മറ്റുവിശുദ്ധന്മാർ സത്യം ഗ്രഹിക്കുന്ന, തനിക്ക് അവിടെ ലഭിച്ചിരിക്കുന്ന താഴ്ന്ന പദവിയും പ്രതിഫലക്കുറവും മനസിലാക്കും. സ്വർഗ്ഗത്തിൽ പല പദവികൾ ഉ യേശു മുന്നറിയിപ്പുനൽകുന്നു.

> ആകയാൽ ആ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് അഴിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും; അവയെ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർ സ്വർഗ്ഗ രാജ്യത്തിൽ വലിയവർ എന്നു വിളിക്കപ്പെടും (മത്താ 5:19).

യേശുവിന്റെ കല്പനകൾ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവർക്ക് ഭൂമിയിൽ കഷ്ടമു് (മത്താ 5:10-12, യോഹ 16:33). പദവി, ധന ം, മാനം, ഇവയ്ക്കൊന്നും അവർ മൂല്യം കല്പിക്കുന്നില്ല. അവർക്ക് സ്വർഗ്ഗത്തിൽ പ്രതിഫലവും ദൈവത്തിന്റെ പുകഴ്ചയും ലഭിക്കും. നിങ്ങൾക്ക് ഇതിൽ ഏത് വേണം? പൗലോസ് ഇങ്ങനെ എഴുതിയിരിക്കുന്നു.

> അപ്പൊല്ലോസ് ആർ? പൗലോസ് ആർ? തങ്ങൾക്ക് കർത്താവ് നൽകിയതുപോലെ നിങ്ങൾ വിശ്വസിപ്പാൻ കാരണമായിത്തീർന്ന ശുശ്രൂഷക്കാരത്രെ. ഞാൻ നട്ടു, അപ്പോല്ലോസ് നനച്ചു. ദൈവമത്രേ

---

[28] . പ്രവേശിപ്പിക്കപ്പെട്ടാൽ എന്നു പറയാൻ കാരണം, ആട്ടിൻതോലിട്ട ചെന്നായ്ക്കളായ ഈ ശുശ്രൂഷകന്മാർ സ്വാർത്ഥചിന്തയുള്ളവരാകയാൽ അവർ നരകത്തിൽ തള്ളപ്പെടും. യഥാർത്ഥ ശുശ്രൂഷകന്മാരിൽനിന്നും ഇവരെ വ്യത്യസ്തരാക്കുന്നത് ഇവരുടെ തെറ്റായ ലക്ഷ്യബോധമാണ്.

വളരുമാറാക്കിയത്. ആകയാൽ വളരുമാറാകുന്ന ദൈവമല്ലാതെ നടുന്നവനും, നനക്കുന്നവനും ഏതുമില്ല. നടുന്നവനും നനക്കുന്നവനും ഒരുപോലെ; ഓരോരുത്തന് താന്താന്റെ അദ്ധ്വാനത്തിന് ഒത്തവണ്ണം കൂലികിട്ടും. ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ നിങ്ങൾ ദൈവത്തിന്റെ കൃഷി, ദൈവത്തിന്റെ ഗൃഹനിർമ്മാണം. എനിക്ക് ലഭിച്ച കൃപക്ക് ഒത്തവണ്ണം ഞാൻ ജ്ഞാനമുള്ളൊരു പ്രധാന ശില്പിയായി അടിസ്ഥാനം ഇട്ടിരിക്കുന്നു: മറ്റൊരുത്തൻ മീതെ പണിയുന്നു; താൻ എങ്ങിനെ പണിയുന്നു എന്ന് ഓരോരുത്തനും നോക്കിക്കൊള്ളട്ടെ. യേശുക്രിസ്തു എന്ന ഇട്ടിരിക്കുന്ന അടിസ്ഥാനമല്ലാതെ മറ്റൊന്ന് ഇടുവാൻ ആർക്കും കഴിയുകയില്ല. ആ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും, പൊന്ന്, വെള്ളി, വിയേറിയ കല്ല്, മരം, പുല്ല്, വൈക്കോൽ, എന്നിവ പണിയുന്നു എങ്കിൽ അവനവന്റെ പ്രവർത്തി വെളിപ്പെട്ടുവരും. ആ ദിവസം അതിനെ തെളിവാക്കും. അത് തീയോടെ വെളിപ്പെട്ടുവരും. ഓരാരുത്തന്റെ പ്രവർത്തി ഈ വിധമെന്ന് തീ തന്നെ ശോധനചെയ്യും. ഒരുത്തൻ പണിത പ്രവർത്തി നിലനിൽക്കുമെങ്കിൽ അവന് പ്രതിഫലം കിട്ടും. ഒരുത്തന്റെ പ്രവൃത്തി വെന്തുപോയെങ്കിൽ അവനു ചേതം വരും. താനോ രക്ഷിക്കപ്പെടും; എന്നാൽ തീയിൽ കൂടി എന്നപോലെ അത്രേ (1 കൊരി 3: 5-15).

പൗലോസ് അടിസ്ഥാനമിട്ടു. ഉപദേഷ്ടാവായ അപ്പല്ലോസ് കൊരിന്ത് സഭ പണിതു. പൗലോസ് ആരംഭിച്ച പണി അപ്പല്ലോസ് പ ൂർത്തീകരിക്കുന്നതിൽ പൗലോസ് തത്പരനായിരുന്നു.

അന്ത്യത്തിൽ പൗലോസും അപ്പല്ലോസും അവരുടെ പണിയുടെ അളവനുസരിച്ചല്ല, ഗുണനിലവാരമനുസരിച്ച് പ്രതിഫലത്തിന് യോഗ്യരാകും (1 കൊരി 3:13).

പൗലോസും അപ്പല്ലോസും ആറുതരം വസ്തുക്കളാണ് പണിക്കുവേി ഉപയോഗിക്കുന്നത്. അതിൽ മൂന്നെണ്ണം വില കുറഞ്ഞതും, തീയിൽ വെ ന്തുപോകുന്നതുമാണ്. അതിൽ മൂന്നെണ്ണം അസാധാരണവും, വിലപിടിപ്പുള്ളതും തീയിൽ വെന്തുപോകാത്തതുമാണ്. അവർ പണിത മന്ദിരം ഒരിക്കൽ ദൈവത്തിന്റെ ന്യായവിധി നാളിൽ തീയാൽ ശോധനചെയ്യപ്പെടും, അന്ന് പുല്ലും, വൈക്കോലും മരവും വെന്തുപോകും, അതിന്റെ മൂല്യം നിലവാരമില്ലാത്തതാണ് എന്ന് അന്ന് മനസ്സിലാകും - എന്നാൽ പൊന്ന്, വെള്ളി വിലയേറിയ കല്ല് എന്നിവയാൽ പണിയപ്പെട്ടത് തീയുടെ ശോധനയെ അതിജീവിക്കും, ദൈവത്തിന് വിലപ്പെട്ടതായി എണ്ണപ്പെടും.

ന്യായവിധി നാളിൽ വചനാടിസ്ഥാനമില്ലാത്ത പഠിപ്പിക്കൽ വെന്തു പോകുക തന്നെ ചെയ്യും. തെറ്റായ ഉദ്ദേശത്തോടെ ജഡത്തിന്റെ ശക്തിയിലും ബുദ്ധിയിലും അധികാരത്തിലും സൃഷ്ടിക്കപ്പെടുന്നതെല്ലാം

ന്യായവിധിനാളിൽ ഇല്ലാതെയാകും. ജനത്തിന്റെ പ്രീതിക്കുവേി ചെയ്യപ്പെടുന്ന ഏതു പ്രവർത്തിക്കും ഫലം ലഭിക്കാതെപോകും (മത്താ 6:1-6, 16-18). ഈ മാനുഷിക പ്രവർത്തികളുടെ ഫലശൂന്യത ഇപ്പോൾ ദൃശ്യമാകുകയില്ല. പ ൗലോസ് പറയുന്നതുപോലെ ഭാവിയിൽ അത് വെളിപ്പെടുകതന്നെ ചെയ്യും. തീയിൽ വെന്തു പോകുന്ന വസ്തുക്കൾ കൊാണ് നീ പണിയുന്നതെങ്കിൽ, ഇപ്പോൾ തന്നെ അത് തിരിച്ചറിയുക. അനുതപിച്ച് ഇപ്പോൾ തിരുത്തുക, നാളെ അത് തിരുത്താൻ സാദ്ധ്യമല്ല.

## നമ്മുടെ ലക്ഷ്യങ്ങളെ തടയുന്നത്
## (Checking Our Motives)

നമ്മുടെ ലക്ഷ്യത്തിൽ നാം വഞ്ചിതരാകാൻ വളരെ എളുപ്പമാണ്. ന മ്മുടെ ലക്ഷ്യങ്ങൾ ശുദ്ധമാണോ എന്ന് നമുക്ക് എങ്ങിനെ തിരിച്ചറിയാം?

ഏറ്റവും ലളിതമായ മാർഗ്ഗം - ദൈവത്തോടു ചോദിക്കുക, നമ്മുടെ ചിന്തകളുടേയും, പ്രവർത്തികളുടേയും നിയന്ത്രണം ദൈവത്തെ ഏല്പിക്കുക. പ്രാർത്ഥന, എളിയവരെ സഹായിക്കുക, എല്ലാ നല്ല പ്രവർത്തികളും രഹസ്യത്തിൽ ചെയ്യാൻ കർത്താവ് കല്പിച്ചു. രഹസ്യത്തിൽ ചെയ്യുന്ന ഈ പ്രവർത്തികളെല്ലാം നല്ലതാണ്. കാരണം നാം ഈ പ്രവർത്തികളിലൂടെ മനുഷ്യനെയല്ല ദൈവത്തെയാണ് പ്രസാദിപ്പിക്കുന്നത്. അപവാദത്തെ ഭയന്ന് വലിയ പാപങ്ങൾ ഉപേക്ഷിച്ച്, എന്നാൽ രഹസ്യമായി പാപങ്ങൾ ചെയ്യുന്നത് തുടരുകയും ചെയ്താൽ മനസിലാക്കുക, നമ്മുടെ ലക്ഷ്യങ്ങൾ തെറ്റാണ്. ന മ്മുടെ ചിന്തകളേയും, വാക്കുകളേയും, പ്രവർത്തികളേയും അറിയുന്ന സർവ്വ ശക്തനായ ദൈവത്തെ സംപ്രീതനാക്കാൻ നാം ആഗ്രഹിച്ചാൽ ചെറുതും വലുതുമായ, അറിവുള്ളതും ഇല്ലാത്തതുമായ സകല പ്രവർത്തികളിലും നാം ദൈവത്തെ അനുസരിക്കാൻ നിരന്തരം യത്നിച്ചു കൊിരിക്കും.

നമ്മുടെ ലക്ഷ്യം ശരിയാണെങ്കിൽ കർത്താവിന്റെ കല്പന അനുസരിക്കുന്ന ശിഷ്യന്മാരെ നേടേ നമ്മൾ സഭയുടെ അംഗ സംഖ്യ വർദ്ധിപ്പിക്കുക എന്ന തീവ്രശ്രമത്തിൽ വ്യാപൃതരാകുകയില്ല.

കർത്താവിന്റെ കല്പനയെ പ്രമാണിക്കുന്ന ഒരു കൂട്ടത്തെ നേടേതിനു പകരം, നിങ്ങളുടെ സഭയുടെ അംഗസംഖ്യ വർദ്ധിപ്പിക്കുവാനുള്ള തീവ്ര ശ്രമത്തിൽ നിങ്ങൾ ആയിരിക്കുന്നെങ്കിൽ അറിഞ്ഞുകൊള്ളുക, നിങ്ങളുടെ ലക്ഷ്യം തെറ്റിയിരിക്കുന്നു. അനാത്മികരും ജഢീകരുമായവരെ ദൈവത്തി ങ്കലേക്ക് അകർഷിക്കുവാൻ ആവശ്യമായ ദൈവവചനം നാം ഉപദേശിച്ചു കൊടുക്കണം.

ദൈവവചനത്തെ സന്ദർഭോചിതമായി വളച്ചൊടിക്കരുത്. ദൈവത്തിന ർഹതപ്പെട്ട പദവിയും മഹത്വവും നാം എടുക്കരുത്. നാം പ്രസിദ്ധരാകാൻ ശ്രമിക്കരുത്. നശ്വരമായ ഈ ഭൂമിയിൽ സമ്പത്ത് സ്വരൂപിക്കരുത്, ലളിതജീവിതം നയിച്ച്, ദാനം നൽകി, ആട്ടിൻ കൂട്ടത്തിന് ഒരു നല്ല വേലക്കാരനായി ശോഭിക്കുക. നമ്മുടെ പ്രബോധനത്തിന് മനുഷ്യൻ എ

ന്ത് പരിഗണന നൽകുന്നു എന്നതിലുപരി ദൈവം എന്ത് പറയുന്നു എന്ന് ചിന്തിക്കുക.

നിങ്ങളുടെ ലക്ഷ്യം എങ്ങനെയുള്ളതാണ്?

## ശിഷ്യന്മാരെ നേടുന്ന പ്രക്രിയയെ തടയുന്ന സിദ്ധാന്തം (A Doctrine that Defeats Disciple-Making)

ശിഷ്യന്മാരെ നേടുന്ന ശുശ്രൂഷകൻ ശിഷ്യന്മാരെ നേടുക എന്ന തന്റെ ലക്ഷ്യത്തിനെതിരായി പ്രവർത്തിക്കുകയില്ല. *കർത്താവിനെ ധിക്കരിച്ച് ആളുകളെ പ്രീതിപ്പെടുത്താൻ ശ്രമിക്കയില്ല.*

ദൈവകൃപയുള്ളവർ പാപ മാർഗ്ഗം തുടരരുത്. പാപത്തെ ഏറ്റു പറഞ്ഞ് ഉപേക്ഷിച്ച് നിത്യജീവനെ പ്രാപിപ്പാനുള്ള ഒരു മാർഗ്ഗമായി ദൈവകൃപയെ കാണണം. ജയിക്കുന്നവൻ സ്വർഗ്ഗരാജ്യം അവകാശമാക്കുമെന്ന് വചനം പറയുന്നു (വെളി 2:11, 3:5, 21:7).

ചില ആധുനിക ശുശ്രൂഷകർ വചനാടിസ്ഥാനമില്ലാത്ത ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നു. നിത്യതാ വാഗ്ദത്തം , - രക്ഷ സർവ്വഥാ നിലനിൽക്കുന്നു - എന്ന പുതിയ സിദ്ധാന്തങ്ങൾ അമേരിക്കയിൽ വളരെ പ്രചാരം നേടിയിരിക്കുന്നു. വീും ജനനം പ്രാപിച്ച ഒരു വ്യക്തിക്ക് താൻ എങ്ങനെ ജീവിച്ചാലും രക്ഷ നഷ്ടപ്പെടുകയില്ലായെന്ന് ഇക്കൂട്ടർ പഠിപ്പിക്കുന്നു. കാരണം രക്ഷ കൃപയാലത്രേ ലഭിക്കുന്നത്. രക്ഷയ്ക്ക് വേി പ്രാർത്ഥിച്ച് പ്രാപിക്കുന്ന ഈ കൃപ അവരുടെ രക്ഷയെ നിത്യമായും ഉറപ്പിച്ചിരിക്കുന്നു എന്നിവർ വിശ്വസിക്കുന്നു. ഒരുവൻ ചെയ്യുന്ന പ്രവർത്തിയിലൂടെ രക്ഷ പ്രാപിക്കുമെന്ന സമാനമായ ഒരു സിദ്ധാന്തവും ു്.

ഈ കാഴ്ചപ്പാട് വിശുദ്ധിക്ക് ഒരു കോട്ടമാണ്. സ്വർഗ്ഗത്തിൽ കടക്കാൻ യേശുവിനെ അനുസരിക്കേ ആവശ്യമില്ല എന്നു വന്നാൽ, യേശുവിനെ അനുസരിക്കാനുള്ള താല്പര്യം ആർക്കും ഉാകുകയില്ല, കാരണം അനുസരിക്കുക എന്നത് അല്പം പ്രയാസമുള്ള കാര്യമാണ്.

ദൈവം, മനുഷ്യനോട് കാട്ടുന്ന കൃപ ഒരിക്കലും കർത്താവിന്റെ പ്രമാണങ്ങളെ അനുസരിക്കാതിരിക്കാനുള്ള ഒരു മറയല്ല. കൃപയാലാണ് വിശ്വാസംമൂലം രക്ഷിക്കപ്പെടുന്നത് (എഫേ 2:8). കൃപയും വിശ്വാസവും ഒരുപോലെ രക്ഷക്ക് ആവശ്യമാണ്. വിശ്വാസം ദൈവത്തിന്റെ വ്യക്തമായ പ്രതികരണവും യഥാർത്ഥ വിശ്വാസം അനുസരണയുടേയും അനുതാപത്തിന്റേയും ഫലവുമാണ്. വിശ്വാസമില്ലാത്ത പ്രവൃത്തി നിർജ്ജീവമാണ് നിഷ്ഫലമാണ്, നിലനില്ക്കാത്തതാണ് എന്ന് യാക്കോബ് അപ്പോസ്തലൻ ചൂിക്കാണിക്കുന്നു. (യക്കോ 2:14-26).

തുടർമാന രക്ഷ തുടർമാന വിശ്വാസത്തിലും അനുസരണയിലും അധിഷ്ടിതമാണെന്ന് വചനം വെളിപ്പെടുത്തുന്നു. അനവധി വചനം

ഇതിനെ പിൻതാങ്ങുന്നു. ഉദാഹരണത്തിന് കൊലോസ്യർക്ക് പ ൗലോസ് എഴുതുന്നു. മുമ്പെ ദുഷ്പ്രവർത്തികളാൽ മനസ്സുകൊ് അകന്നവരും ശത്രുക്കളുമായിരുന്ന നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും, നിഷ്കളങ്കരും, കുറ്റമില്ലാത്തവരുമായി നിറുത്തേതിന് അവൻ ഇപ്പോൾ തന്റെ ജഡശരീരത്തിൽ തന്റെ മരണത്താൽ നിരപ്പിച്ചു. ആകാശത്തിൽ കീഴിൽ സകല സൃഷ്ടികളുടേയും ഇടയിൽ ഘോഷിച്ചും പൗലോസ് എന്ന ഞാൻ ശുശ്രൂഷകനായിത്തീർന്നും നിങ്ങൾ കേട്ടുമിരിക്കുന്ന സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്നും നിങ്ങൾ ഇളകാതെ അടിസ്ഥാനപ്പെട്ടവരും സ്ഥിരതയുള്ളവരുമായി വിശ്വാസത്തിൽ നിലനിന്നുകൊാൽ അങ്ങനെ അവന്റെ മുമ്പിൽ നില്ക്കും (കൊലോ 1:21-23).

ഒരു വേദപണ്ഡിതന് പൗലോസിന്റെ ഈ പ്രസ്താവനയെ വളച്ചൊടിക്കാം. നാം വിശ്വാസത്തിൽ തുടർന്നാൽ യേശു നമ്മെ കുറ്റം വിധിക്കില്ല. ഈ സത്യം റോമ 11:13-24, 1 കൊരി 15:1-2, എബ്രാ 3:12-14, 10:38-39 വചനങ്ങളിൽ ആവർത്തിച്ചു ഉറപ്പിച്ചിരിക്കുന്നു. അതായത് രക്ഷ എന്നത് വിശ്വാസത്തിലൂടെ സംഭവിക്കുന്നതാണ് എല്ലാ അനുഗ്രഹങ്ങളും എങ്കിൽ എന്ന വ്യവസ്ഥാപിതമായ വാക്കിൽ അധിഷ്ടിതമാണ്.

## വിശുദ്ധിയുടെ ആവശ്യകത
## (The Necessity of Holiness)

പാപം ചെയ്ത് നിത്യജീവനെ നശിപ്പിക്കാൻ ഒരു വിശ്വാസിക്കു കഴിയുമൊ? വചനം വ്യക്തമായ തെളിവുകളിലൂടെ ഊന്നിപ്പറയുന്നു-- വ്യത്യസ്തമായ പാപസ്വഭാവത്തിലൂടെയുള്ള ജീവിതം തീർച്ചയായും ഒരുവന് ദൈവരാജ്യം നഷ്ടപ്പെടുവാൻ ഇടയാക്കും. താഴെ പ്രസ്താപിച്ചിരിക്കുന്ന രീതിയിലുള്ള പാപസ്വഭാവങ്ങളെ ഒരു വിശ്വാസി പിൻതുടർന്നാൽ രക്ഷയും അന്ത്യമായി അവന് നഷ്ടപ്പെടുമെന്ന് പൗലോസ് പറയുന്നു.

"അന്യായം ചെയ്യുന്നവൻ ദൈവരാജ്യം അവകാശമാക്കുകയില്ലാ യെന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നെ വഞ്ചിപ്പാതിരിപ്പിൻ, ദുർനടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പ ുരുഷകാമികൾ, കള്ളന്മാർ, അത്യാഗ്രഹികൾ, മദ്യപന്മാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല."

ജഡത്തിന്റെ പ്രവർത്തികൾ വളരെ പ്രകടമാണ്. അവ ദുർന്നടപ്പ്, അശുദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പക, പിണക്കം, ജാരശങ്ക, ക്രോധം, ശാഠ്യം, ദ്വന്ദ്വപക്ഷം, ഭിന്നത, അസൂയ, മദ്യപാനം ആസ്വദിക്കുന്നവർ, വെറികൂത്തു മുതലായവയാണ് -- ഇവ ജീവിതത്തിൽ അനുഭവിക്കുന്നവർ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല (ഗലാ 5:19-21).

ദുർന്നടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കാർക്കും ക്രിസ്തുവിന്റേയും ദൈവത്തിന്റേയും രാജ്യത്തിൽ അവകാശമില്ല എന്നു നിങ്ങൾ അറിയുന്നുവല്ലോ. വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിക്കരുത്. ഈ വക നിമിത്തമല്ലോ ദൈവകോപം അനുസരണംകെട്ടവരുടെമേൽ വരുന്നു (എഫേ 5:5–6).

വിശ്വാസികൾക്ക് പൗലോസ് വ്യക്തമായ മുന്നറിയിപ്പ് നൽകുന്നു. വഞ്ചിക്കപ്പെടരുത്. പാപം ചെയ്യുന്നവൻ ദൈവരാജ്യത്തിൽ കടക്കുകയില്ല.

പത്രോസ്, യാക്കോബ്, യോഹന്നാൻ, അന്ത്രയോസ്, തുടങ്ങിയ പ്രിയശിഷ്യന്മാർക്ക്, മടങ്ങിവരാതിരുന്നാൽ നരകത്തിൽ എറിയപ്പെടു വാനുള്ള സാധ്യത ഉണ്ടെന്ന് മുന്നറിയിപ്പ് നൽകുന്നു. താഴെ പ്രസ്താവിച്ചിരിക്കുന്ന വാക്കുകൾ അവിശ്വാസികളുടെ ഒരു കൂട്ടത്തോടല്ല, യേശുവിന്റെ പ്രിയശിഷ്യന്മാരോടു പറഞ്ഞതാണ് (മർക്കോസ് 13:1–4).

നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്നു നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ. കള്ളൻ വരുന്ന യാമം ഇന്നതെന്നു വീട്ടുടയവൻ അറിഞ്ഞെങ്കിൽ അവൻ ഉണർന്നിരിക്കയും തന്റെ വീടു തുരക്കുവാൻ സമ്മതിക്കാതിരിക്കുകയും ചെയ്യും എന്ന് അറിയുന്നുവല്ലോ. അങ്ങനെ നിങ്ങൾ നിനക്കാത്ത നാഴികയിൽ മനുഷ്യ പുത്രൻ വരുന്നതുകൊണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ (പത്രോസ്, യാക്കോബ്, യോഹന്നാൻ, അന്ത്രയോസ്).

എന്നാൽ യജമാനൻ തന്റെ വീട്ടുകാർക്കു തക്ക സമയത്തു ഭക്ഷണം കൊടുക്കേണ്ടതിന് അവരുടെ മേൽ ആക്കി വെച്ച വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ ആർ? യജമാനൻ വരുമ്പോൾ അങ്ങനെ ചെയ്തുകാണുന്ന ദാസൻ ഭാഗ്യവാൻ. അവൻ അവനെ തനിക്കുള്ള സകലത്തിന്മേലും യജമാനൻ ആക്കിവെക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. എന്നാൽ അവൻ ദുഷ്ട ദാസൻ: യജമാനൻ വരുവാൻ താമസിക്കുന്നുവെന്നു ഹൃദയം കൊണ്ടു പറഞ്ഞു, കൂട്ടുദാസന്മാരെ അടിപ്പാനും കുടിയന്മാരോടുകൂടി തിന്നുകുടിപ്പാനും തുടങ്ങിയാൽ ആ ദാസൻ നിരൂപിക്കാത്ത നാളിലും അറിയാത്ത നാഴികയിലും യജമാനൻ വന്നു അവനെ ദണ്ഡിപ്പിച്ച് അവനു കപട ഭക്തിക്കാരോടു കൂടെ പങ്കു കല്പിക്കും. അവിടെ കരച്ചിലും പല്ലുകടിയും ഉണ്ടാകും (മത്താ 24:42–51).

ഈ കഥയുടെ ഗുണപാഠമെന്ത്? പത്രോസേ, യോഹന്നാനേ, യാക്കോബേ, അന്ത്രയോസേ, നിങ്ങൾ ഈ കഥയിലെ ദാസനെപ്പോലെ അവിശ്വസ്തരാകരുത്.[29]

---

29 . യേശു തന്റെ പ്രിയശിഷ്യന്മാർക്കു നൽകിയ മുന്നറിയിപ്പ് അനുസരിച്ചുള്ള പല്ലുകടിയും, മുറുമുറുപ്പുമുള്ള സ്ഥലം സ്വർഗ്ഗരാജ്യത്തിന്റെ അതിര് ആണ് എന്ന് ചിലർ പഠിപ്പിക്കുന്നു. അവിശ്വസ്തരായ വിശ്വാസികൾ താല്കാലികമായി അവിടേക്ക് തള്ളപ്പെടുകയും അവരുടെ

ഈ കഥയോടു തുടർന്ന് യേശു തന്റെ പ്രിയശിഷ്യരോട് 10 കന്യകമാരുടെ കഥ പറഞ്ഞു. തുടക്കത്തിൽ 10 കന്യകമാരും വരനെ സ്വീകരിക്കുവാൻ തയ്യാറായിരുന്നു. എന്നാൽ ക്രമേണ 5 പേർ പ ിൻതള്ളപ്പെടുകയും, കല്യാണസദ്യക്കു പങ്കുചേരുവാൻ ഒരുക്കമില്ലാത്ത വരായിത്തീരുകയും ചെയ്തു. യേശു ഈ ഉപമ അവസാനിപ്പിക്കുന്നത് ഈ വാക്കുകളിലൂടെയാണ്. ആകയാൽ നാളും നാഴികയും നിങ്ങൾ (പത്രോസ്, യാക്കോബ്, യോഹന്നാൻ, അന്ത്രയോസ്) അറിയായ്കകൊ് ഉണർന്നിരിപ്പിൻ. പത്രോസേ, യാക്കോബേ, യോഹന്നാനേ, അന്ത്രയോസേ, നിങ്ങൾ ബൂദ്ധിയില്ലാത്ത 5 കന്യകമാരെ പോലെ ആകരുത്. ഈ ശിഷ്യന്മാർ ബുദ്ധിയില്ലാത്ത 5 കന്യകമാരെ പോലെ ആകില്ലായെന്ന് യേശുവിന് വിശ്വാസം ഉായിരുന്നെങ്കിൽ, തീർച്ചയായും യേശു അവർക്ക് ഇങ്ങനെ ഒരു മുന്നറിയിപ്പ് കൊടുക്കുകയില്ലായിരുന്നു.

ഇതോടുചേർന്ന് യേശു താലന്തുകളുടെ ഉപമ പറയുന്നു. സന്ദേശം വീും ഒന്നുതന്നെ. വിശ്വസിച്ച് നൽകിയ, ഒരു താലന്ത് ലഭിച്ച ദാസനെപ്പോലെ യജമാനന്റെ മടങ്ങിവരവിൽ ശാപം എറ്റുവാങ്ങിയ ദാസനെപ്പോലെ ആകരുത്. ഈ ഉപമയുടെ അവസാനം യജമാനൻ കല്പിക്കുന്നു - എറ്റവും കൊള്ളരുതാത്ത ആ ദാസനെ എറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളവിൻ. അവിടെ കരച്ചിലും പല്ലുകടിയും ഉാകും (മത്താ 25:30). യേശു വളരെ വ്യക്തമായി ഈ ദാസന്റെ അവസ്ഥ വിവരിക്കുന്നു. ഒരു വേദപണ്ഡിതന് വേണമെങ്കിൽ ഈ ആശയത്തെ വളച്ചൊടിക്കാം. പ ത്രോസും, യാക്കോബും, യോഹന്നാനും, അന്ത്രയോസും യേശുവിന്റെ വാക്ക് കേട്ടനുസരിക്കാൻ വിസമ്മതിച്ചിരുന്നെങ്കിൽ അവരും അവസാനം നരകത്തിൽ എറിയപ്പെടുമായിരുന്നു. പ്രിയപ്പെട്ട ശിഷ്യന്മാർക്ക് ഇങ്ങനെ ഒരവസ്ഥയാണുള്ള തെങ്കിൽ നമ്മുക്ക് എത്രയധികം. എന്റെ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ മാത്രമേ സ്വർഗ്ഗരാജ്യത്തിൽ കടക്കുകയുള്ളു[30] (മത്തായി 7:21).

വ്യവസ്ഥക്ക് വിധേയമല്ലാതെ നിത്യരക്ഷയെ ഉപദേശിക്കുന്നവർ ക്രിസ്തുവിന് എതിരായി പ്രവർത്തിച്ച് പിശാചിനെ സഹായിച്ച്, ക്രിസ്തുവും അപ്പോസ്തലന്മാരും പഠിപ്പിച്ചതിന് വിപരീതമായി പഠിപ്പിക്കുന്നവരാണ്. യേശു കല്പിച്ച കല്പനകളെ നിർവീര്യമാക്കി ശിഷ്യന്മാരെ നേടുന്ന ശുശ്രൂഷകർ സ്വർഗ്ഗത്തിലേക്കുള്ള ഇടുക്കു വാതിലിനെ തടഞ്ഞ് നരകത്തിലേക്കുള്ള വാതിലിനെ വിശാലമാക്കുകയാണ്.[31]

---

താല്കാലിക നഷ്ടത്തിൽ അവർ അവിടെ കരഞ്ഞുകൊിരിക്കുമ്പോൾ യേശു വന്നു അവരുടെ കണ്ണുനീർ തുടച്ച് അവരെ സ്വർഗ്ഗത്തിലേക്ക് കൊുപോകും.

30 . വിശ്വാസി ഒരു പാപം ചെയ്താൽ രക്ഷ നഷ്ടപ്പെടുകയില്ലായെന്നത് സത്യം തന്നെ. യാചിക്കുന്നവർക്ക് ദൈവം പാപക്ഷമ നൽകും (അവരോടുപാപം ചെയ്തവരോട്, അവർ ക്ഷമിക്കുമെങ്കിൽ) ദൈവത്തോടു ക്ഷമ ചോദിക്കാത്തവരെ ദൈവം തന്നെ ഒരുക്കിക്കൊള്ളും. ദൈവത്തോടുള്ള അവരുടെ ഹൃദയ കാഠിന്യം അവരുടെ രക്ഷയെ നഷ്ടപ്പെടുത്തും.

## ശിഷ്യത്വത്തെ പരാജയപ്പെടുത്തുന്ന മറ്റൊരു ആധുനിക സിദ്ധാന്തം
**(Another Modern Doctrine that defeats discipline making)**

വ്യവസ്ഥക്ക് വിധേയമല്ല നിത്യരക്ഷ എന്ന പഠിപ്പിക്കൽ, വിശുദ്ധി നിത്യമായ രക്ഷക്ക് അത്യാവശ്യമല്ല എന്ന ചിന്തയിലേക്കു നമ്മെ നയിക്കുന്നു. ഇത് ദൈവസ്നേഹത്തേയും പലപ്പോഴും ശിഷ്യന്മാരെ നേടുന്ന മാർഗ്ഗത്തെയും നിർവീര്യമാക്കുന്നു. പ്രസംഗകർ വിളിച്ചു പറയുന്നതു കേൾക്കാം. ദൈവം നിങ്ങളെ ഒരു വ്യവസ്തയുമില്ലാതെ സ്നേഹിക്കുന്നു. ഞാൻ അനുസരിച്ചാലും ഇല്ലെങ്കിലും ദൈവം എന്നെ സ്വീകരിക്കുന്നു. കേഴ്വിക്കാർ തെറ്റിദ്ധരിക്കുന്നു. ഈ പ്രസ്താവന ശരിയല്ല. വീണ്ടും ജനിക്കാത്തവരെ നരകത്തിലേക്ക് വലിച്ചെറിയുമെന്ന് ഇതേ പ്രസംഗകർ വിളിച്ചു പറയുന്നു. അതു വളരെ ശരിയാണ്. അതിനെക്കുറിച്ച് നമുക്ക് ചിന്തിക്കണം. നരകയോഗ്യരായവരെ ദൈവം അംഗീകരിക്കാറില്ല. എങ്ങനെയാണ് ദൈവത്തിന് അവരെ സ്നേഹിക്കുവാൻ കഴിയുക? നരകത്തിലെറിയപ്പെട്ടവർ ദൈവത്താൽ സ്നേഹിക്കപ്പെട്ടവരാണോ? ദൈവം അവരെ സ്നേഹിക്കുന്നു എന്ന് അവർ പറയുമെന്ന് നിങ്ങൾ വിചാരിക്കുന്നുേ ാ? തീർച്ചയായും ഇല്ല. അവരെ ദൈവം സ്നേഹിക്കുന്നു എന്ന് നിങ്ങൾക്ക് പറയാൻ കഴിയുമോ? ഒരിക്കലുമില്ല. അവർ ദൈവത്തിന് അനിഷ്ടരാണ്. അതുകൊണ്ട് അവരെ ശിക്ഷിച്ച് നരകത്തിൽ തള്ളുന്നത്. ദൈവം അവരെ അംഗീകരിക്കുയോ സ്നേഹിക്കുകയോ ചെയ്യുന്നില്ല.

വസ്തുത ഇങ്ങനെ ആയിരിക്കെ, പാപികളോടുള്ള ദൈവത്തിന്റെ സ്നേഹം കരുണാദ്രമായ സ്നേഹമാണ്, അംഗീകരിക്കപ്പെട്ട സ്നേഹമല്ല. ദൈവത്തിന് അവരോടു കരുണയു്, ന്യായവിധിയെ മുന്നിൽ ക് അനുതപിക്കാനുള്ള അവസരം നൽകുകയാണ്. പാപങ്ങളെ ക്ഷമിച്ചു കിട്ടാനുള്ള ഒരു വഴി തുറന്ന് യേശു അവർക്കുവേി മരിച്ചു. ആ വഴിയിലും

---

[31] . രക്ഷ നഷ്ടപ്പെടുകയില്ലായെന്ന് വാദിക്കുന്നവർ പുതിയ നിയമത്തിലെ വാക്യങ്ങൾ ശ്രദ്ധിക്കുക. മത്തായി. 18:21-35, 24:4-5, 11-13, 23-26, 42-5, 25: 1-30, ലൂക്കോ 8:11-15, 11:24-28 12:42-46. യോഹന്നാൻ 6:66-71, 8:31-32, 51, 15:1-6. അ.പ്ര. 11: 21-23, 14:21-22, റോമ 6:11-23, 8:12-14 17, 11:20-22. 1കൊരി. 9:23-27, 10:1-21, 11:29-32, 15:1-2. 2 കൊരി.1:24, 11:2-4, 12:21, 13:5. ഗലാ 5:1-4, 6:7-9. ഫിലി. 2:12-16, 3:17, 4:1. കൊലോ 1:21-23, 2:4-8, 18-19. 1 തെസ്. 3:1-8, 1 തിമോ 1:3-7, 18-20, 4:1-6, 5:5-6, 11-15, 6:9-12 17-19 20-21.. 2തിമോ 2:11-18, 3:13-15, എബ്രാ 2:1-3, 3:6-19,4:1-16, 5:8-9, 6: 4-9, 10-20,10: 19-39, 12:1-17, 25-29, യാക്കോ 1:12-16, 4:4-10, 5:19-20. 2 പത്രോ 1:5-11, 2: 1-22, 3: 16-17. 1 യോഹ 2:15, 2:28, 5:16. 2യോഹ 6-9, യൂദ 20-21, വെളി 2:7, 10-11 17-26, 3:4-5, 8-12 14-22,21:7-8, 22:18-19. രക്ഷയ്ക്ക് വ്യവ്യസ്ഥ ആവശ്യമില്ലായെന്ന് പഠിപ്പിക്കുന്നവർ, മനുഷ്യന്റെ ഉത്തരവാദിത്വ ങ്ങളെക്കുറിച്ച് ഒന്നും പറയാതെ ദൈവത്തിന്റെ വിശ്വസ്തതയെ രക്ഷയുമായി ബന്ധപ്പെടുത്തുക മാത്രമേ ചെയ്യുന്നുള്ളു. മേൽ ഉദ്ധരിച്ചതുപോലെ വചനത്തിന്റെ അടിസ്ഥാനത്തിൽ അവർ വചനം നിരത്തട്ടെ. ദൈവത്തിന്റെ വിശ്വസ്തത മറ്റൊരാളുടെ വിശ്വസ്തതക്കുള്ള ഗാരന്റിയല്ല. ഞാൻ എന്റെ ഭാര്യയെ ഒരു നാളും ഉപേക്ഷിക്കയില്ലായെന്ന് വാഗ്ദാനം ചെയ്യുന്നു, ഈ വാഗ്ദാനം ഞാൻ പാലിക്കും, എന്നാൽ എന്റെ വാഗ്ദാനം എന്റെ ഭാര്യ എന്നെ ഉപേക്ഷിക്കില്ല എന്ന ഉറപ്പല്ല (വാഗ്ദാനമല്ല).

അവസ്ഥയിലും ദൈവം അവരെ സ്നേഹിക്കുന്നു എന്നു പറയാം. എന്നാൽ ദൈവം അവരെ ഒരിക്കലും അംഗീകരിക്കുന്നില്ല. ഒരു പിതാവ് പുത്രനെ സ്നേഹിക്കുന്നതു പോലുള്ള ഒരു സ്നേഹഭാവം അവിടെയില്ല. അപ്പന് മക്കളോടു കരുണ തോന്നുന്നതുപോലെ യഹോവക്ക് തന്റെ ഭക്തന്മാരോട് കരുണ തോന്നുന്നു (സങ്കീ 103:13). ദൈവത്തെ ഭയപ്പെടാത്തവരോടു ദൈവത്തിന് കരുണ തോന്നുന്നില്ല. പാപിയോടു ദൈവത്തിനുള്ള സ്നേഹം കുറ്റവാളിയായ ഒരു കൊലയാളിയെ മരണ ശിക്ഷ്ക്ക് വിധിക്കാതെ ജീവപര്യന്തം തടവിന് വിധിക്കുന്ന ഒരു ന്യായാധിപന്റെ കാരുണ്യത്തിനു തുല്യമാണ്.

രക്ഷിക്കപ്പെടാത്ത ശ്രോതാക്കളെ നോക്കി നിങ്ങളെ ദൈവം സ്നേഹിക്കുന്നു എന്ന് പ്രസംഗിച്ച ഒരു പ്രസംഗകനേയും അപ്പോസ്തല പ്രവൃത്തികളിൽ നമുക്ക് കാണുവാൻ കഴിയുകയില്ല. എന്നാൽ ദൈവത്തിന്റെ കോപത്തെ വിളിച്ചറിയിച്ച്, ദൈവം അവരെ അംഗീകരിക്കുന്നില്ല, സ്നേഹിക്കുന്നില്ല, അവരുടെ സ്ഥിതി അപകടത്തിലായിരിക്കുന്നു, അതുകൊ് മനംതിരിഞ്ഞ് മാനസാന്തരപ്പെടാൻ ആഹ്വാനം ചെയ്യുന്ന സുവിശേഷ പ്രസംഗങ്ങളാണ് ഉള്ളത്. ദൈവം അവരെ സ്നേഹിക്കുന്നു (ആധുനിക സുവിശേഷകർ പറയുംപോലെ) അവർ അപകട സന്ധിയിലല്ല, ദൈവം കോപം സംഗ്രഹിക്കുന്നില്ല, അതുകൊ് അവർക്ക് മാനസാന്തരപ്പെടേ ആവശ്യമില്ലാ എന്നാണോ അപ്പോസ്തലന്മാർ അവരെ ഉപദേശിച്ചത്.

## പാപികളോടുള്ള ദൈവത്തിന്റെ വെറുപ്പ്
## (God’s Hatred of Sinners)

പാപികളെ ദൈവം സ്നേഹിക്കുന്നു എന്ന പ്രഖ്യാപനത്തിന് വിപരീതമായി വചനം പറയുന്നു: ദൈവം പാപികളെ വെറുക്കുന്നു.

> അഹങ്കാരികൾ നിന്റെ സന്നിധിയിൽ നില്കയില്ല; നീതികേട് പ്രവർത്തിക്കുന്നവരെയൊക്കേയും നീ പകയ്ക്കുന്നു, ഭോഷ്ക്കു പറയുന്നവരെ നീ നശിപ്പിക്കും, രക്തപാതകവും ചതിവുമുള്ളവൻ യഹോവയ്ക്ക് അറപ്പാകുന്നു (സങ്കീ 5:5-6).

> യഹോവ ദുഷ്ടനേയും നീതിമാനേയും ശോധന ചെയ്യുന്നു. സാഹസപ്രിയനേയും അവന്റെ ഉള്ളം വെറുക്കുന്നു; ദുഷ്ടന്മാരുടെ മേൽ അവൻ കെണികളെ വർഷിപ്പിക്കും (സങ്കീ 11:5).

> ഞാൻ എന്റെ ആലയത്തെ ഉപേക്ഷിച്ചു, എന്റെ അവകാശത്തെ ത്യജിച്ചു, എന്റെ പ്രാണപ്രിയയെ ശത്രുക്കളുടെ കയ്യിൽ എല്പിച്ചുകളഞ്ഞിരിക്കുന്നു, എന്റെ അവകാശം എനിക്ക് കാട്ടിലെ സിംഹം പോലെ ആയിരിക്കുന്നു, അത് എന്റെ നേരെ നാദം കേൾപിക്കുന്നു, അതുകൊ് ഞാനതിനെ വെറുക്കുന്നു (യിര. 12:7-8).

> അവരുടെ ദുഷ്ടതയൊക്കേയും ഗിൽഗാലിൽ സംഭവിച്ചു; അവിടെവച്ച് അവർ എനിക്കുവെറുപ്പായി; അവരുടെ പ്രവർത്തികളുടെ ദുഃഷ്ടത

നിമിത്തം ഞാൻ ഇനി അവരെ സ്നേഹിക്കാതെ എന്റെ ആലയത്തിൽനിന്ന് അവരെ നീക്കിക്കളയും. അവരുടെ സകല പ്രഭുക്കന്മാരും മത്സരികളത്രെ (ഹോശേയ 9:15).

ശ്രദ്ധിക്കുക, മനുഷ്യൻ ചെയ്യുന്നതൊക്കേയും ദൈവം വെറുക്കുന്നു എന്ന് മുകളിൽ ഉദ്ധരിച്ച വചനങ്ങൾ പറയുന്നില്ല. അവയെല്ലാം പറയുന്നത് ദൈവം പാപിയെ സ്നേഹിക്കുന്നു, പാപത്തെ വെറുക്കുന്നു എന്നാണ്. ഒരുവനെ തന്റെ പ്രവർത്തിയിൽ നിന്ന് വേർപെടുത്തുന്നത് പ്രയാസമാണ്. ഒരുവന്റെ പ്രവൃത്തിയാണ് അവനെന്നവ്യക്തി എന്താണെന്ന് വെളിപ്പെടുത്തുന്നത്. പാപം ചെയ്യുന്നവരെ ദൈവം വെറുക്കുന്നു. ദൈവം വെറുക്കുന്ന പ്രവൃത്തി ചെയ്യുന്നവരെ ദൈവം അംഗീകരിക്കുന്നില്ല. മാനുഷീക കോടതിയിൽ കുറ്റക്കാരെ വിചാരണയ്ക്ക് വിധേയമാക്കുന്നു.

## ദൈവം വെറുക്കുന്ന ആളുകൾ
## (People Whom God Abhors)

ചില വ്യക്തികളെ ദൈവം വെറുക്കുന്നു, ചില പാപികളായ വ്യക്തി കളെ ദൈവം കൂടതൽ വെറുക്കുന്നു എന്ന് വചനം പറയുന്നു. ശ്രദ്ധിക്കുക, ചില ആളുകളുടെ *പ്രവൃത്തികൾ* മാത്രമല്ല, *അവരെത്തന്നെ* ദൈവത്തിന് എറ്റവും വെറുപ്പുള്ളതാണെന്നു താഴത്തെ പ്രസ്താവനകൾ വെളിവാക്കുന്നു. ദൈവം അവരുടെ പാപങ്ങളെ വെറുക്കുന്നു എന്നല്ല, ദൈവം *അവരെത്തന്നെ* വെറുക്കുന്നു എന്നാണ്.[32]

പുരുഷൻ ധരിക്കേ വസ്ത്രം സ്ത്രീയും, സ്ത്രീ ധരിക്കേ വസ്ത്രം പ ുരുഷനും ധരിക്കരുത്. അങ്ങനെ ചെയ്യുന്നവരൊക്കെയും നിന്റെ ദൈവമായ യഹോവയ്ക്ക് വെറുപ്പാകുന്നു (ആവ: 22:5)

ഈ വകയിൽ അന്യായം ചെയ്യുന്നവനെല്ലാം നിന്റെ ദൈവമായ യഹോവയ്ക്ക് വെറുപ്പാകുന്നു (ആവ 25:16)

നിങ്ങളുടെ പുത്രന്മാരുടേയും പുത്രിമാരുടേയും മാംസവും നിങ്ങൾ ഭക്ഷിക്കും; ഞാൻ നിങ്ങളുടെ പൂജാഗിരികളെ നശിപ്പിച്ച് നിങ്ങളുടെ സൂര്യവിഗ്രഹങ്ങളെ വെട്ടിക്കളയുകയും നിങ്ങളുടെ ശവം നിങ്ങളുടെ വിഗ്രഹങ്ങളുടെ ഉടലിന്മേൽ ഇട്ടുകളകയും എനിക്ക് നിങ്ങളോടു വെറു പ്പുതോന്നുകയും ചെയ്യും (ലേവ്യ 26:29-30).

---

32 . ഇവിടെ പ്രതിപാദിച്ചിരിക്കുന്ന വെറുപ്പ് പഴയ നിയമത്തിൽ ഉള്ളതാണെന്നുവാദിക്കാം. ദൈവത്തിനു പാപികളോടുള്ള നിലപാട് പഴയനിയമത്തിലായാലും, പുതിയ നിയമത്തിലായാലും ഒരുപേലെയാണ്. മത്താ 15:22-28ൽ കനാന്യസ്ത്രീയോടുള്ള കർത്താവിന്റെ സംഭാഷണം പാപികളോടുദൈവത്തിനുള്ള നിലപാട് വ്യക്തമാക്കുന്നു. ആദ്യം യേശു അവളെ ശ്രദ്ധിക്കുന്നതുപോലുമില്ല. അവളെ ഒരു നായ് ആയിട്ടാണ് കണക്കാക്കുന്നത്. അവളുടെ വിശ്വാസത്തിന്റെ ആഴം അവളോടുയേശുവിനുകരുണതോന്നുവാൻ ഇടയാക്കുന്നു. പരീശന്മാരോടും ശാസ്ത്രിമാരോടും ഉള്ള യേശുവിന്റ നിലപാട് ഒരിക്കലും തികഞ്ഞ സ്നേഹത്തിന്റേതാണെന്ന് പറയുവാൻ സാധ്യമല്ല (മത്താ 23).

അഹങ്കാരികൾ നിന്റെ സന്നിധിയിൽ നില്ക്കയില്ല, നീതികേടു പ്രവർത്തിക്കുന്നവരെയൊക്കെയും നീ പകയ്ക്കുന്നു, ഭോഷ്ക് പറയുന്നവരെ നീ നശിപ്പിക്കും. രക്തപാതകവും ചതിവുമുള്ളവൻ യഹോവയ്ക്ക് അറപ്പാകുന്നു (സങ്കീ 5:5-6).

വക്രതയുള്ളവൻ ദൈവത്തിനുവെറുപ്പാകുന്നു. നീതിമാന്മാർക്കോ അവന്റെ സഖ്യത ള് (സദൃ 3:32).

വക്രബുദ്ധികൾ യഹോവയ്ക്ക് വെറുപ്പ് നിഷ്കളങ്ക മാർഗ്ഗികളോ, അവനു പ്രസാദം (സദൃ 11:20).

ഗർവ്വുള്ള എവനും യഹോവയ്ക്ക് വെറുപ്പ്. അവന് ശിക്ഷ വരാതിരിക്കയില്ല എന്നത് ഉറപ്പാകുന്നു (സദൃ 16:5). ദുഷ്ടനെ നീതികരിക്കുന്നവനും നീതിമാനെ കുറ്റം വിധിക്കുന്നവനും, രുപേരും യഹോവയ്ക്ക് വെറുപ്പ് (സദൃ 17:15).

മേൽ ക വചനപ്രകാരം, ദൈവം പാപിയെ സ്നേഹിക്കുന്നു എന്ന് എങ്ങനെ ഉറപ്പിക്കാം. ദൈവം പാപികളെ വെറുക്കുകയും അതോടൊപ്പം സ്നേഹിക്കുകയും ചെയ്യുന്നു എന്ന് എങ്ങിനെ പറയാൻ കഴിയും?

എല്ലാ സ്നേഹവും ഒരുപോലെയല്ല ചില സ്നേഹം വ്യവസ്ഥക്ക് വിധേയമല്ല. അതിനെ കരുണാദ്രമായ സ്നേഹം എന്നു വിളിക്കാം. ഈ സ്നേഹം പറയുന്നു: എന്തായാലും, എങ്ങനെയായാലും ഞാൻ സ്നേഹിക്കുന്നു. ഈ സ്നേഹം ആളുകളുടെ പ്രവർത്തിയെ നോക്കിയിട്ടില്ല. ഈ വിധ സ്നേഹമാണ് ദൈവത്തിന് പാപികളോടുള്ളത്.

ഈ കരുണാദ്രമായ സ്നേഹത്തേയും വ്യവസ്ഥക്കുവിധേയമായ സ്നേഹത്തേയും ഒന്നു താരതമ്യം ചെയ്യുക. ഇത് സകലത്തേയും ഉൾക്കൊള്ളുന്ന സ്നേഹമാണ്. ഇത് സകലത്തേയും അംഗികരിക്കുന്നതാണ്. ഞാൻ നിന്നെ സ്നേഹിക്കുന്നു എന്തു കൊന്നൊൽ.

സ്നേഹം വ്യവസ്ഥക്ക് വിധേയമാണെങ്കിൽ, അത് സ്നേഹമേ അല്ല എന്ന് ചിലർ പറഞ്ഞേക്കും. യഥാർത്ഥ നിസ്വാർത്ഥ സ്നേഹമല്ല, ദൈവസ്നേഹം പോലെയല്ല, എന്നൊക്കെ പറഞ്ഞ് ഈ സ്നേഹത്തെ ചിലർ വിലകുറച്ചു കാണാറു്.

സത്യം പറയട്ടെ ദൈവത്തിന്റെ സ്നേഹം വ്യവസ്ഥക്ക് വിധേയമാണെന്ന് വചനത്തിൻ നിന്നും നാം കാണാൻ പോകയാണ്. അംഗീകരിക്കപ്പെട്ട സ്നേഹം നിന്ദിക്കപ്പെടുകയില്ല. ഈ സ്നേഹമാണ് ദൈവത്തിന് തന്റെ പ്രിയ മക്കളോടുള്ളത്. ദൈവത്തിന്റെ കരുണാദ്രമായ സ്നേഹത്തേക്കാൾ അംഗീകരിക്കപ്പെട്ട സ്നേഹത്തിനായി വാഞ്ചിപ്പിൻ.

## അംഗീകൃത സ്നേഹം തരംതാഴ്ന്ന സ്നേഹമോ?
## (Is Approving Love an Inferior?)

നിങ്ങൾ നിങ്ങളോടുതന്നെ ചോദിക്കുക: ഏതുതരം സ്നേഹമാണ് ഞാൻ മറ്റുള്ളവരിൽനിന്നും പ്രതീക്ഷിക്കുന്നത് - കരുണാദ്രമായ സ്നേഹമോ, അംഗീകൃതസ്നേഹമോ? നിങ്ങൾ ഇഷ്ടപ്പെടുന്ന സ്നേഹം - എന്നിരുന്നാലും . എന്നതിനേക്കാൾ എന്തുകൊണ്ടെന്നാൽ എന്ന വ്യവസ്ഥയിലാണെന്ന് എനിക്ക് ഉറപ്പ്.

നിങ്ങളെ സ്നേഹിക്കുവാൻ ഒരു കാരണവും ഞാൻ കാണുന്നില്ല നിങ്ങളോടു അനുഭാവം കാണിക്കുവാൻ എന്നിൽ ഒരു പ്രേരണാ ശക്തിയുമില്ല - എന്ന് നിങ്ങളുടെ തുണ നിങ്ങളോടു പറയുന്നത് കേൾക്കുന്നതാണോ? അതോ, പല കാരണത്താൽ ഞാൻ നിങ്ങളെ സ്നേഹിക്കുന്നു, പുകഴ്ചക്ക് ആധാരമായ നിരവധി ഗുണങ്ങൾ നിങ്ങൾക്കു് എന്നു പറയുന്നതു കേൾക്കാനാണോ ഇഷ്ടം - തീർച്ചയായും നമ്മുടെ തുണ അംഗീകൃതമായ സ്നേഹം കാണിക്കുന്നു എന്ന് പറഞ്ഞുകേൾക്കുന്നതാണ് കൂടുതൽ ഇഷ്ടപ്പെടുക, ഈ പ്രാഥമിക സ്നേഹമാണ് ദമ്പതികളെ യോജിപ്പിച്ച് നിലനിർത്തുന്നത്. ഒരു വ്യക്തിക്ക് അവന്റെ അല്ലെങ്കിൽ അവളുടെ ഇണയിൽ പ്രശംസിക്കത്തക്ക ഒരു ഗുണവും ഇല്ലെങ്കിൽ അംഗീകൃതമായ സ്നേഹം നിലക്കുകയും വിവാഹബന്ധം നിലച്ചുപോകുകയും ചെയ്യും. ആ ബന്ധം തുടർന്നു പോകുന്നെങ്കിൽ അതിന്റെ ബഹുമതി കരുണാദ്രമായ സ്നേഹത്തിന് (Mercyful Love) തന്നെയാണ്.

ഇങ്ങനെയൊക്കെയാണെങ്കിലും അംഗീകൃത സ്നേഹം (Approving Love) അല്ലെങ്കിൽ വ്യവസ്ഥാപിത സ്നേഹം (Conditional Love) ഒരു തരം താഴ്ന്ന സ്നേഹമല്ല. നൽകുവാനുള്ള ശ്രേഷ്ടമായ സ്നേഹമാണ് കരുണാദ്രമായ സ്നേഹം എങ്കിൽ നേടുവാനുള്ള ശ്രേഷ്ടമായ സ്നേഹമാണ് അംഗീകൃത സ്നേഹം. പിതാവിന് പുത്രനായ ക്രിസ്തുവിനോട് ഉായിരുന്നത് അംഗീകൃതസ്നേഹം മാത്രമായിരുന്നു. ക്രിസ്തുവോ അതിനെ മാന്യവും ഉന്നതവുമായ സ്ഥാനത്ത് എത്തിക്കുകയും ചെയ്തു. പിതാവിന് പുത്രനോടു കരുണാദ്രമായ സ്നേഹത്തിന്റെ അംശംപോലും ഉായിരുന്നില്ല. സ്നേഹാദ്രമായതല്ലാത്ത ഒന്നും ക്രിസ്തുവിൽ ഉായിരുന്നില്ല. യേശുവിന്റെ സാക്ഷ്യം:

> എന്റെ ജീവനെ വീും പ്രാപിക്കേതിന് ഞാൻ അതിനെ കൊടുക്കുന്നതുകൊ് പിതാവ് എന്നെ സ്നേഹിക്കുന്നു (യോഹ 10:17).

പിതാവ് പുത്രനെ എറ്റവും കൂടുതൻ സ്നേഹിച്ചു. കാരണം യേശു മരിക്കുവാൻപോലും അനുസരണ കാണിച്ചു. തെറ്റായതൊന്നും, ശരിയല്ലാത്തതൊന്നും അംഗീകൃത സ്നേഹത്തിൽ ഇല്ല. യേശു പിതാവിന്റെ സ്നേഹത്തെ അർഹിക്കുകയും നേടുകയും ചെയ്തു.

യേശു പറഞ്ഞു; പിതാവിന്റെ കല്പനകളെ പ്രമാണിച്ചുകൊ് ഞാൻ പിതാവിന്റെ സ്നേഹത്തിൽ വസിക്കുന്നു.

> പിതാവ് എന്നെ സ്നേഹിക്കുന്നതുപോലെ ഞാനും നിങ്ങളെ സ്നേഹിക്കുന്നു. എന്റെ സ്നേഹത്തിൽ വസിപ്പിൻ. ഞാൻ എന്റെ പിതാവിന്റെ കല്പനകൾ പ്രമാണിച്ചു അവന്റെ സ്നേഹത്തിൽ വസിക്കുന്നതു പോലെ നിങ്ങൾ എന്റെ കല്പനകൾ പ്രമാണിച്ചാൽ എന്റെ സ്നേഹത്തിൻ വസിക്കും (യോഹ 15: 9,10).

യേശുവിന്റെ മാതൃക നാം പിൻതുടരണം, അവന്റെ സ്നേഹത്തിൽ വസിച്ച് കല്പന പ്രമാണിക്കുക. ഈ വാക്യത്തിൽ അംഗീകൃത സ്നേഹത്തെക്കുറിച്ച് പ്രസ്താവിക്കുന്നു. നാം അവന്റെ സ്നേഹം സമ്പാദിക്കണം, അവന്റെ കല്പന പ്രമാണിക്കാതിരുന്നാൽ അവന്റെ സ്നേഹത്തിൽനിന്നും അകന്നുപോകും. അവന്റെ പ്രമാണങ്ങൾ അനുസരിച്ചാൻ മാത്രമെ അവന്റെ സ്നേഹത്തിൽ വസിക്കുവാൻ സാധിക്കുകയുള്ളു. ഇത്തരം ഉപദേശം ഇന്ന് വിരളമാണ്. എന്നാൽ അത് ഉപദേശിക്കണം കാരണം യേശു പറഞ്ഞിരിക്കുന്നതാണ്.

ദൈവത്തിന്റെ അംഗീകൃതസ്നേഹം കല്പന പ്രമാണിക്കുന്നവർക്കു മാത്രമെ ലഭിക്കുകയുള്ളുവെന്ന് യേശു ഉറപ്പിച്ചു പറയുന്നു.

> നിങ്ങൾ എന്നെ സ്നേഹിച്ചു. ഞാൻ പിതാവിന്റെ അടുക്കൽനിന്ന് വന്നിരിക്കുന്നു എന്നു വിശ്വസിച്ചിരിക്കകൊു പിതാവ് താനും നിങ്ങളെ സ്നേഹിക്കുന്നു (യോഹ 16:27).

> എന്റെ കല്പനകൾ പ്രമാണിക്കുന്നവൻ എന്നെ സ്നേഹിക്കുന്നവനാകുന്നു. എന്നെ സ്നേഹിക്കുന്നവനെ എന്റെ പിതാവ് സ്നേഹിക്കുന്നു. ഞാനും അവനെ സ്നേഹിച്ചു. അവൻ എന്നെത്തന്നെ വെളിപ്പെടുത്തും. എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം പ്രമാണിക്കും.എന്റെ പിതാവ് അവനെ സ്നേഹിക്കും. ഞങ്ങൾ അവന്റെ അടുക്കൽ വന്ന് അവനോടുകൂടെ വാസംചെയ്യും (യോഹ 14:21,23).

രാമത്തെ ഉദ്ധരണി ശ്രദ്ധിക്കുക. സമർപ്പണമില്ലാത്ത വിശ്വാസികൾ അവന്റെ വചനം പ്രമാണിച്ചാൽ അവൻ ഒരു പ്രത്യേക രീതിയിൽ അവരോടടുത്തുവരുമെന്ന് യേശു പറഞ്ഞില്ല. അവനെ സ്നേഹിച്ച് അവന്റെ കല്പനകളെ പ്രമാണിക്കുന്ന എവരേയും പിതാവ് സ്നേഹിക്കുകയും പിതാവും പുത്രനും ആ വ്യക്തിയിൽ വസിക്കുകയും വീും ജനനത്തിന്റെ അവസ്ഥ നൽകുകയും ചെയ്യും. വീും ജനിച്ചവന്റെ ഉള്ളിൽ പരിശുദ്ധാത്മാവും വസിക്കുന്നു, അവനിൽ പിതാവും പുത്രനും ു് (റോമ 8:9) അനുതപിച്ച് യേശുവിനെ അനുസരിക്കുന്നവൻ വീും ജനനം പ്രാപിച്ചവനാണ്, അവനാണ് പിതാവിന്റെ അംഗീകൃത സ്നേഹം ആർജ്ജിച്ചവർ.

യേശുവിൽ വിശ്വസിക്കുന്നവന് യേശു കരുണാദ്രമായ സ്നേഹം വാഗ്ദാനം ചെയ്തിരിക്കുന്നു. അനുസരണക്കേടുകാണിക്കുന്നവൻ, പാപം എറ്റു പറഞ്ഞ് മറ്റുള്ളവരോടു ക്ഷമിക്കുവാൻ തയ്യാറായാൽ, യേശുവും അവനോട് ക്ഷമിക്കുവാൻ തയ്യാറാകുന്നു.

## പരിസമാപ്തി
## (The Conclusion)

മേൽപറഞ്ഞതിൽ നിന്നും മനസ്സിലാകുന്ന ഒരു വസ്തുത: കല്പനകൾ അനുസരിക്കുന്ന തന്റെ മക്കളെ സ്നേഹിക്കുന്നതുപോലെ ദൈവം പാപികളെ സ്നേഹിക്കുന്നില്ല. പാപികളെ ദൈവം സ്നേഹിക്കുന്നത് കരുണാദ്രമായ സ്നേഹത്താലാണ്. ആ സ്നേഹം താത്ക്കാലികമാണ്, മരണംവരെ മാത്രം നിലനല്ക്കുന്നതാണ്. അവരുടെ അന്തരംഗത്തിൽനിന്നും പുറത്തുവരുന്ന അനുസരണക്കേടിനെ വെറുക്കുകയും ചെയ്യുന്നു. ഇതാണ് വചനം പഠിപ്പിക്കുന്നത്.

ചുരുക്കത്തിൽ, വീുംജനനം പ്രാപിക്കാത്തവരേക്കാൾ ആദ്രതയോടെ ദൈവം തന്റെ മക്കളെ സ്നേഹിക്കുന്നു. തുടക്കത്തിൽ ദൈവം അംഗീകൃത സ്നേഹ(പ്രശംസാർഹസ്നേഹം)ത്താൽ സ്നേഹിക്കുന്നു കാരണം അവർ അനുതപിച്ച് കല്പനകളെ അനുസരിക്കാൻ ബദ്ധപ്പെടുകയാണ്. വിശുദ്ധിയിൽ വളരുമ്പോൾ, ദൈവത്തിന് കരുണാദ്രമായ സ്നേഹം കുറഞ്ഞു കുറഞ്ഞുവരുകയും, അവർ ആഗ്രഹിക്കുന്ന തരത്തിലുള്ള പ്രശംസാർഹസ്നേഹം വർദ്ധിക്കുകയും ചെയ്യുന്നു.

ആധുനിക പ്രസംഗകരും ഉപദേഷ്ടാക്കന്മാരും ദൈവത്തിന്റെ യഥാർത്ഥസ്നേഹത്തെ തെറ്റായ രീതിയിൽ ചിത്രീകരിക്കുകയാണ്. വചനത്തിന്റെ വെളിച്ചത്തിൽ ചില ശൈലികളെ നമുക്കൊന്നു വിലയിരുത്താം.

1. ദൈവം ഇപ്പോൾ നൽകികൊിരിക്കുന്ന സ്നേഹത്തെ കൂട്ടുവാനോ,കുറയ്ക്കുവാനോ വേി നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല.
2. ദൈവസ്നേഹത്തെക്കുറയ്ക്കുവാൻ നിങ്ങൾ ഇപ്പോൾ ചെയ്യുന്നതിലധികം ഒന്നും നിങ്ങൾക്ക് ചെയ്യുവാനില്ല.
3. ദൈവസ്നേഹം വ്യവസ്ഥക്ക് വിധേയമല്ല.
4. ദൈവം എല്ലാവരേയും ഒരുപോലെ സ്നേഹിക്കുന്നു.
5. ദൈവം പാപിയെ സ്നേഹിക്കുന്നു എന്നാൽ പാപത്തെ വെറുക്കുന്നു.
6. ദൈവസ്നേഹം ആർജ്ജിക്കുവാൻ മറ്റൊന്നും നിങ്ങൾക്ക് ചെയ്യുവാനില്ല.
7. ദൈവത്തിന്റെ സ്നേഹം നമ്മുടെ അഭിനയത്തിന്റെ അടിസ്ഥാനത്തിലല്ല.

ദൈവത്തിന്റെ പ്രശംസാർഹ സ്നേഹത്തെ (Approving Love) നിരസിക്കുന്നതിനാലും, കരുണാദ്രസ്നേഹത്തെ തെറ്റിദ്ധരിക്കുന്നതിനാലും, മുകളിൽ ഉദ്ധരിച്ച പ്രസ്താവനകൾ എല്ലാം തെറ്റാണ്. വഴിതെറ്റിക്കുന്നതാണ്.

**ഒന്നാമത്തേതിനെ സംബന്ധിച്ച്**

ഒരു വിശ്വാസിക്ക് തീർച്ചയായും ദൈവത്തിന്റെ പ്രശംസാർഹമായ സ്നേഹം പിടിച്ചു പറ്റാൻ ചിലത് ചെയ്യുവാൻ കഴിയും. ദൈവത്തിന്റെ പ്രശംസാർഹമായ സ്നേഹത്തെ കുറയ്ക്കാൻ അവർക്ക് അനുസരണക്കേട് പോലെയുള്ള ചിലതുചെയ്യുവാൻ കഴിയും. പാപികൾ അനുതാപം പോലെയുള്ള ചില പ്രവർത്തികളിലൂടെ ദൈവസ്നേഹത്തെ കൂട്ടുന്നതുകാണാം. തന്മൂലം ദൈവത്തിന്റെ പ്രശംസാർഹമായ സ്നേഹത്തെ നേടുവാൻ കഴിയും. മരണം പോലുള്ള പ്രവർത്തികളിലൂടെ ദൈവസ്നേഹത്തെകുറക്കാം. തന്മൂലംദൈവത്തിനു അവരോടുായിരുന്ന സ്നേഹം അതായത് കരുണാദ്രമായ സ്നേഹം നഷ്ടപ്പെടുന്നു.

**രാമത്തേതിനെ സംബന്ധിച്ച്**

ഒരു വിശ്വാസിക്ക് ദൈവത്തിന്റെ പ്രശംസാർഹമായ സ്നേഹത്തെ നിരസിച്ച് പാപം ചെയ്യുന്നതിലുടെ ദൈവത്തിന്റെ കരുണാദ്രമായ സ്നേഹത്തിലേക്കു താഴുവാൻ കഴിയും. ആ അവിശ്വാസി മരിക്കുന്നതിലൂടെ ദൈവത്തിന് അവനോടുായിരുന്ന എക സ്നേഹമായിരുന്ന കരുണാദ്രമായ സ്നേഹം നിലയ്ക്കുന്നു.

**മൂന്നാമത്തേതിനെ സംബന്ധിച്ച്**

ദൈവത്തിന്റെ പ്രശംസാർഹമായ സ്നേഹം തികച്ചും വ്യവസ്ഥക്ക് വിധേയമാണ്. ദൈവത്തിന്റെ കരുണാദ്രമായ സ്നേഹം വ്യവസ്ഥക്ക് വിധേയമാണ്. മരണാന്തരം ദൈവത്തിന്റെ കരുണാദ്രമായ സ്നേഹം നിലയ്ക്കുന്നു. ഇത് വ്യവസ്ഥക്ക് വിധേയമാണ് കാരണം ഇത് താത്കാലികമാണ്.

**നാലാമത്തേതിനെ സംബന്ധിച്ച്**

ദൈവം എല്ലാവരേയും ഒരുപോലെയല്ല സ്നേഹിക്കുന്നത്. കാരണം പാപികളേയും, വിശുദ്ധരെയും, ദൈവം വ്യത്യസ്ഥ രീതിയിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യുന്നു. പാപികളേയും വിശുദ്ധരേയും ദൈവം ഒരേപോലെയല്ല സ്നേഹിക്കുന്നത്.

**അഞ്ചാമത്തേതിനെ സംബന്ധിച്ച്**

ദൈവം പാപികളേയും പാപത്തേയും വെറുക്കുന്നു. പാപികളെ കരുണാദ്രമായ സ്നേഹത്തോടു സ്നേഹിക്കുന്നു എന്നാൽ അവരുടെ പാപത്തെ വെറുക്കുന്നു. പ്രശംസാർഹമായ സ്നേഹത്തിന്റെ രീതിയിൽ നോക്കിയാൽ, ദൈവം അവരെ വെറുക്കുന്നു എന്നുകാണാം.

**ആറാമത്തേതിനെ സംബന്ധിച്ച്**

ഏതൊരു വ്യക്തിക്കും ദൈവത്തിന്റെ പ്രശംസാർഹമായ സ്നേഹത്തെ പിടിച്ചു പറ്റാം. എന്നാൽ കരുണാദ്രമായ സ്നേഹം അങ്ങനെയല്ല. കാരണം അത് വ്യവസ്ഥക്ക് വിധേയമല്ല.

**അവസാനത്തിനെ സംബന്ധിച്ച്**

ദൈവത്തിന്റെ കരുണാദ്രമായ സ്നേഹം അഭിനയത്തിൽ അധിഷ്ടിതമല്ല. എന്നാൽ ദൈവത്തിന്റെ പ്രശംസാർഹമായ സ്നേഹം അഭിനയത്തിൽ അധിഷ്ടിതമാണ്.

ഇതിൽനിന്നും വ്യക്തമാകുന്നത് - ശിഷ്യന്മാരെ നേടുവാൻ വിളിക്കപ്പെട്ട ശുശ്രൂഷകൻ ദൈവത്തിന്റെ സ്നേഹത്തെ കൃത്യമായി വചനത്തിൽ പറഞ്ഞിരിക്കും പ്രകാരം വെളിപ്പെടുത്തണം കാരണം താൻ മൂലം ആരും വഞ്ചിക്കപ്പെടാൻ ഇടയാകരുത്. യേശുവിനെ അനുസരിച്ച് വീും ജനനം പ്രാപിച്ചവർക്കുമാത്രമെ ദൈവത്തിന്റെപ്രശംസാർഹ സ്നേഹം ലഭിക്കുകയുള്ളു. ഈ സ്നേഹം ലഭിച്ചവർക്കു മാത്രമെ സ്വർഗ്ഗരാജ്യം കരസ്ഥമാക്കാൻ സാധിക്കയുള്ളു. വിശുദ്ധിയിൽനിന്ന് വഴിതെറ്റിക്കുന്ന ഒരു ഉപദേശം ഈ ശുശ്രൂഷകൻ ജനത്തിന് കൊടുക്കരുത്. കർത്താവിന്റെ കല്പനകളെ പ്രമാണിക്കുന്ന ഒരു ശിഷ്യ ഗണത്തെ വാർത്തെടുക്കുക എന്ന ദൈവത്തിന്റെ ലക്ഷ്യംതന്നെയായിരിക്കും ഈ ശുശ്രൂഷകന്റേയും ലക്ഷ്യം.